# ദി ഡിഫെൻഡർ

Vol. No. 11 Issue No. 22 RNI Reg. No. 68089 / 97 Published From Perumbavoor 2008 November 16 Price: Rs.100/- P.A.


# പി.വൈ.പി.എ തെരഞ്ഞെടുപ്പ്: പാനലുകൾ സജീവമാകുന്നു

ഐ.പി.സിയുടെ യുവജനവിഭാഗമായ പി.വൈ.പി.എയുടെ തെരഞ്ഞെടുപ്പ് പടിവാതിക്കൾ എത്തിയതോടെ വിവിധ പാനലുകളും സജീവമായി. ഇപ്പോൾ രണ്ട് പാനലുകളാണ് രംഗത്തുള്ളത്. എന്നാൽ കൂടുതൽ പാനലുകൾ രംഗത്തെത്താനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

പാനലുകൾക്ക് അന്ത്യമരൂപം ആയിട്ടില്ലാത്തതിനാൽ സ്ഥാനാർത്ഥികളെ കുറിച്ച് പറയാറായിട്ടില്ല. എങ്കിലും പ്രസിഡന്റ് സ്ഥാനാർത്ഥികൾ ആരൊക്കെയെന്ന് ഏറെക്കുറെ ധാരണയായിക്കഴിഞ്ഞു. പത്രപ്രവർത്തനരംഗത്തുള്ള ഒരു പാസ്റ്ററും ഒരു വിശ്വാസിയും തമ്മിലാണ് മത്സരമെന്ന് ഇപ്പോഴുള്ള നിലവെച്ച് പറയാം.

വൈസ് പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങളിലേയ്ക്ക് ഇരുപാനലുകാരും ചർച്ചകൾ നടത്തുന്നതേയുള്ളു. കുമ്പനാട് കൺവൻഷനുമുമ്പായി ഈ വിഷയങ്ങളിലെല്ലാം ധാരണയാകുമെന്ന് കരുതാം.

ഒരു യുവജന സംഘടനയുടെ തെരഞ്ഞെടുപ്പ് ഇത്ര വാശിയേറിയതാകാൻ കാരണമെന്ത്? ഐ.പി.സിയുടെ ചരിത്രം പരിശോധിച്ചാൽ ഇതിന്റെ കുട്ടൻസ് പിടികിട്ടും. പി.വൈ.പി.എയുടെ പ്രസിഡന്റോ സെക്രട്ടറിയോ പ്രധാനപ്പെട്ട മറ്റെന്തെങ്കിലും ഭാരവാഹിയോ ആകുന്നത് ഐ.പി.സിയുടെ നേതൃത്വത്തിലേക്കുള്ള ചവിട്ടുപടിയാണ്. നിലവിലുള്ള പ്രസിഡന്റും സെക്രട്ടറിയും ഏരിയാ പാസ്റ്റർമാർ ആയിക്കഴിഞ്ഞു. ആവശ്യത്തിന് സഭകൾ തട്ടിക്കൂട്ടി എടുക്കുന്ന മുറയ്ക്ക് അവർ സെന്റർ പാസ്റ്റർമാരാകും. കാലക്രമത്തിൽ ഇവർ സ്റ്റേറ്റ് കൗൺസിലിൽ കയറിപ്പറ്റും. പിന്നീട് എവിടം വരെ എത്തും എന്ന് പറയാനാവില്ല. ഈ മർമ്മം നന്നായറിയാവുന്നവർ പി.വൈ.പി.എയുടെ തലപ്പത്തെത്താൻ പെടാപ്പാടു പെടുന്നതിൽ അത്ഭുതമില്ല.

പി.വൈ.പി.എയുടെ നേതൃസ്ഥാനത്ത് ആരു വരണം എന്ന് തീരുമാനിക്കേണ്ടത് പി.വൈ.പി.എ അംഗങ്ങളാണ്. ഐ.പി.സിയേപ്പോലെ പി.വൈ.പി.എയും മനുഷ്യനിർമ്മിതമായ ഒരു സംഘടന മാത്രമാണ്. ഇതിൽ ദൈവീകത ഒന്നുമില്ല. അതുകൊണ്ട് ഇതിനെ ആത്മീയമായി കാണേണ്ടതുമില്ല. യോഗ്യതയുള്ളയാർക്കും മത്സരിക്കാം. കൂടുതൽ വോട്ടു കിട്ടുന്നയാൾ ജയിക്കും.

പക്ഷേ ഐ.പി.സി.യുടെ നേതാക്കന്മാർ ഇതൊരു പിള്ളേരുകളിയായി കണക്കാക്കാൻ പലപ്പോഴും തയ്യാറാകാറില്ല. തങ്ങളുടെ സങ്കുചിതമായ താത്പര്യങ്ങൾക്ക് വിലങ്ങുതടിയാകുമെന്ന് സംശയമുള്ളവരെ തോൽപിക്കാനും തങ്ങളുടെ ആജ്ഞാനുവർത്തികളെ വിജയിപ്പിക്കാനും ഇവർ അണ്ടർ ഗ്രൗണ്ടിലിരുന്ന് ചരടുവലിക്കും. ഇത്തരം ഹീനകൃത്യങ്ങൾ പി.വൈ.പി.എ തെരഞ്ഞെടുപ്പിനെ വെറും രാഷ്ട്രീയക്കളിയായി അധ:പതിപ്പിക്കും. നാളിതുവരെ സ്നേഹിതരായി കഴിഞ്ഞിരുന്ന സഹോദരങ്ങൾ ആത്മീയത കാറ്റിൽ പറത്തി അന്യോന്യം പോരടിക്കും. പി.വൈ.പി.എ തെരഞ്ഞെടുപ്പിൽ ഐ.പി.സി. നേതാക്കന്മാർ പ്രത്യക്ഷമായോ പരോക്ഷമായോ ഇടപെടാതിരുന്നാൽ ഒട്ടേറെ പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയും. പക്ഷേ രാഷ്ട്രീയക്കളി ജീവിതത്തിന്റെ ഭാഗമാക്കിക്കഴിഞ്ഞ ഐ.പി.സി. നേതാക്കന്മാർക്ക് രാഷ്ട്രീയം കളിക്കാനുള്ള അവസരങ്ങൾ വെറുതെ വിടാൻ മനസ്സുണ്ടാകാറില്ല. ഇത്തവണയും ഇതു സംഭവിച്ചേക്കാം.

പി.വൈ.പി.എ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഡിഫെൻഡർ എന്തു നിലപാടാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് പലരും അന്വേഷിക്കുകയുണ്ടായി. അതിനുള്ള മറുപടി താഴെ കൊടുക്കുന്നു:

1. ഡിഫെൻഡർ ഒരിക്കലും പക്ഷം പിടിക്കുകയില്ല. ആരു ജയിക്കുന്നു, ആരു തോൽക്കുന്നു എന്നത് ഗൗരവമുള്ള വിഷയമായി എടുക്കുകയുമില്ല.
2. ഐ.പി.സിയുടെ പ്രധാന നേതാക്കളിൽ ആരെങ്കിലും പക്ഷം പിടിക്കുന്നതായി ശ്രദ്ധയിൽ പെട്ടാൽ അതിനെതിരെ ഡിഫെൻഡർ ശക്തിയായി പ്രതികരിക്കും. ഈ വിധത്തിൽ നേതാക്കന്മാരുടെ പിൻതുണ ലഭിക്കുന്ന പാനലിനെതിരേയും ഡിഫെൻഡർ എഴുതും.
3. നിയമാനുസൃതമായി പ്രചരണം നടത്തുന്നതിനോ വോട്ട് പിടിക്കുന്നതിനോ ഡിഫെൻഡർ എതിരല്ല. പക്ഷേ വളയം കൂടാതുള്ള എല്ലാ ചാട്ടങ്ങളേയും ഡിഫെൻഡർ അതി നിശിതമായി വിമർശിക്കും.
4. ഐ.പി.സിയുടെ എല്ലാ തെരഞ്ഞെടുപ്പുകളിലും കള്ള വോട്ട് ചെയ്യൽ ഒരു സ്ഥിരം പരിപാടി ആയിരിക്കയാണ്. ഇത്തവണയെങ്കിലും ഇതുണ്ടാകരുത്.

# ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ ചെന്നൈയിലെത്തിയാലും

സംഭവം നടന്നത് കാർഗിൽ യുദ്ധകാലത്താണ്. പക്ഷേ പറയാൻ പോകുന്നത് മദ്രാസ് എന്ന ചെന്നൈയിലാണ്. കേരളത്തിൽ നിന്ന് ഒരു സീനിയർ ഐ.പി.സി പാസ്റ്റർ മദ്രാസ് സന്ദർശിക്കാൻ പോയി. (ഇദ്ദേഹത്തിന്റെ മകനും അറിയപ്പെടുന്ന ഒരു ഐ.പി.സി പാസ്റ്ററാണ്.) പരിചയക്കാരെയെല്ലാം കണ്ടു. ഒടുവിൽ ഒരു സെന്റർ പാസ്റ്ററുടെ അടുത്തെത്തി. അപ്പോൾ ഒരു മോഹം: ടി. എസ്. ഏബ്രഹാമിന്റെ മകളായ സ്റ്റാർള എന്ന മേഴ്സി അവിടെയാണ് താമസം. അവരേയും ഒന്നു കണ്ടുകളയാം. അങ്ങനെ സെന്റർ പാസ്റ്ററോടൊപ്പം മേഴ്സിയുടെ വീട്ടിലെത്തി. പലവട്ടം കോളിങ്ങ് ബെൽ അടിച്ചിട്ടും ആരും വാതിൽ തുറക്കുന്നില്ല. ഒരുപക്ഷേ മേഴ്സി കുളിക്കയോമറ്റോ ആകാം. അല്പസമയം കാത്തുനിൽക്കുകതന്നെ.

കുറച്ചു സമയം കാത്തുനിന്ന ശേഷം വീണ്ടും മണിയടിച്ചു. അപ്പോൾ മേഴ്സി വന്ന് കതകു തുറന്നു. മേഴ്സി കുളിച്ചു എന്നത് ശരി തന്നെ, പക്ഷേ അതു വിയർപ്പിലാണെന്നു മാത്രം. മനസ്സില്ലാമനസ്സോടെ മേഴ്സി ഇരുവരേയും അകത്തേക്ക് ക്ഷണിച്ചു. അവർ മുറിയിൽ കടന്നിരുന്നു. പക്ഷേ മേഴ്സിക്ക് എന്തൊക്കെയോ ഒരു പരിഭ്രമം. കുശലം പറഞ്ഞൂ എന്നു വരുത്തിത്തീർത്തു. പാസ്റ്റർമാർക്ക് കാര്യം പിടികിട്ടിയില്ല. അങ്ങനെ ഇരുവരും വണ്ടറടിച്ച് ഇരിക്കുമ്പോൾ മുറിക്കുള്ളിൽ നിന്ന് കെ.സി. ജോൺ ഇറങ്ങിവന്നു. മേഴ്സിയുടെ ഭർത്താവ് സ്ഥലത്തില്ലാത്ത സമയത്ത് കെ.സി.ജോണിന് ഈ വീട്ടിലെന്തു കാര്യം? അതിനുള്ള ഉത്തരം കെ.സി.ജോൺ തന്നെ പറഞ്ഞു. ഞാൻ ഇവിടം വരെ വന്നപ്പോൾ ഇവരുടെ വിശേഷങ്ങൾ കൂടി അന്വേഷിച്ചിട്ട് പോകാമെന്നു കരുതി ഇവിടെ കയറിയതാണ്. പക്ഷേ ഈ വിശദീകരണം പാസ്റ്റർമാർക്ക് തൃപ്തികരമായി തോന്നിയില്ല. ഭർത്താവില്ലാത്ത വീട്ടിൽ വിശേഷം അന്വേഷിക്കാൻ കയറിയവൻ കിടപ്പുമുറിയിലിരുന്നാണോ വിശേഷം അന്വേഷിക്കുന്നത്? പാസ്റ്റർമാരുടെ അന്തർഗ്ഗതം കെ.സി.ജോൺ ഊഹിച്ചു. എങ്ങനെ എങ്കിലും ഇവരുടെ വായടച്ചില്ലെങ്കിൽ പ്രശ്നമാകും. എന്താണു വഴി? പെട്ടെന്ന് ഒരു ബുദ്ധി തോന്നി. കെ.സി. ജോൺ തന്റെ ക്യാമറ എടുത്ത് മേഴ്സിയുടെ കൈയ്യിൽ കൊടുത്തു. ആ പാസ്റ്റർമാരോടൊപ്പം കെ.സി.ജോണും ഇരിക്കുന്ന ഫോട്ടോ മേഴ്സി എടുത്തു. ഭാവിയിൽ ഈ സംഭവം പ്രശ്നമായാൽ താൻ ഒറ്റക്കല്ല അവിടെ പോയതെന്നും മറ്റു രണ്ട് പാസ്റ്റർമാർ ഒപ്പമുണ്ടായിരുന്നു എന്നും പറഞ്ഞ് തടിതപ്പാം.

ഈ കഥയുടെ ഉള്ളുകള്ളി അറിയണമെങ്കിൽ അൽപം ചരിത്രം കൂടി പറയേണ്ടതുണ്ട്. മേഴ്സിയുടെ ചെറുപ്പകാലത്ത് കെ.സി.ജോൺ ഇഷ്ടതോഴനായിരുന്നു. പക്ഷേ കളി കാര്യമായി. ഇരുചെവി അറിയാതെ ഗർഭഛിദ്രം നടത്തിയാണ് അന്നു പ്രശ്നം പരിഹരിച്ചത്. അശാസ്ത്രീയമായ ഗർഭഛിദ്രത്തിന്റെ ഫലമായി മേഴ്സി വന്ധ്യയായിത്തീർന്നു. പിന്നീടാണ് ലൂക്കുമായുള്ള വിവാഹം നടന്നത്. ഇവർക്ക് കുട്ടികളില്ല. കുട്ടിയുണ്ടാകാൻ ഏറെ ആഗ്രഹിക്കുന്ന മേഴ്സി ഈ വിഷയത്തിൽ മുമ്പ് തന്നെ സഹായിച്ച കെ.സി. ജോണിന്റെ സഹായം തേടിയതിൽ തെറ്റുണ്ടെന്നു പറയാൻ പറ്റുമോ? പരോപകാരമേ പുണ്യം എന്നാണല്ലോ കവി വചനം.

# ഡിഫെൻഡർ 12–ാം വയസ്സിലേക്ക്

ഡിഫെൻഡർ 12-ാം വയസ്സിലേയ്ക്ക് കടക്കുകയാണ്. ഡിസംബർ ഒന്നിന് ഡിഫെൻഡർ പ്രസിദ്ധീകരിക്കാൻ ദൈവം അനുവദിച്ചാൽ അത് 12-ാം വർഷത്തെ ആദ്യ ലക്കമാകും.

1997 ഡിസംബറിലാണ് ഡിഫെൻഡർ പ്രസിദ്ധീകരണം ആരംഭിച്ചത്. അന്നു മുതൽ ഇന്നു വരെ ഒരു ലക്കം പോലും മുടങ്ങാതെ, ഒരു ദിവസം പോലും വൈകാതെ, ഡിഫെൻഡർ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിന് ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു.

മാസത്തിലൊരിക്കൽ, ടാബ്ലോയിഡ് സൈസിൽ, നാലു പേജുകൾ മാത്രമാണ് 2002 വരെ ഡിഫെൻഡറിനുണ്ടായിരുന്നത്. കാന്താരി അധികം വേണ്ടാ എന്ന ചൊല്ലു പോലെ ഈ നാലു പേജുകൾ ഉണ്ടാക്കിയ വിപ്ലവം ചെറുതല്ല. സാത്താന്റെ സന്തതികൾ എല്ലാവരും ഒത്തുകൂടി ഡിഫെൻഡറിനെതിരെ പോരാടി. കേസ്സുകളുടെ ഒരു നീണ്ട നിരതന്നെ ഡിഫെൻഡറിനെതിരെ ഉണ്ടായി. സിവിൽ കേസ്സുകൾ കൊണ്ട് ബാലനെ ഒതുക്കാൻ ആവില്ലെന്ന് തെളിഞ്ഞപ്പോൾ ഇന്റർനെറ്റ് കേസ്സ് കെട്ടിച്ചമച്ചുണ്ടാക്കി. പക്ഷേ ഭീഷണിയോ കേസ്സോ ജയിലോ ഡിഫെൻഡറിനെ തളർത്തിയില്ല. ഒരു ലക്കം പോലും മുടങ്ങാതെ ഡിഫെൻഡർ പ്രസിദ്ധീകരിച്ചു കൊണ്ടിരുന്നു.

വെളുക്കാൻ തേച്ചതു പാണ്ടായി എന്നു പറഞ്ഞതുപോലെയുള്ള അനുഭവമാണ് കേസ്സിലൂടെ ഉണ്ടായത്. 2003-ൽ ഡിഫെൻഡർ 16 പേജുള്ള പത്രമായി മാറി. 2004-ൽ ഡിഫെൻഡർ ദ്വൈവാരിക യുമായി. ഇപ്പോഴും ഈ സ്ഥിതി തുടരുന്നു.

പ്രജാപതിയെന്ന കള്ളക്രിസ്തുവിനെതിരായി പോരാടി കൊണ്ടാണ് ഡിഫെൻഡർ രംഗത്തു വന്നത്. രണ്ടു വർഷത്തെ പ്രവർത്തന ഫലമായി പ്രജാപതിയെ പെന്തക്കോസ്തിൽ നിന്നു പുറത്താക്കാൻ ഡിഫെൻഡറിനു കഴിഞ്ഞു. ഐ.പി.സിയുടെ സണ്ടേസ്ക്കൂൾ പാഠപുസ്തകത്തിൽ നിന്നുവരെ പ്രജാപതി ഔട്ടായി. അങ്ങനെ പ്രജാപതി വിഷയത്തിൽ ഡിഫെൻഡർ സമ്പൂർണ്ണ വിജയം നേടി.

ഇക്കാലത്താണ് സുരേഷ് ബാബുവിന്റെ തട്ടിപ്പുകൾ ഡിഫെൻഡറിന്റെ ശ്രദ്ധയിൽ പെ ട്ടത്. അങ്ങനെ ഡിഫെൻഡർ സുരേഷ് ബാബുവിനെതിരെ എഴുതാൻ ആരംഭിച്ചു. അതോടെ പെന്തക്കോസ്തിലെ മറ്റു കള്ളന്മാരേക്കുറിച്ചും ഡിഫെൻഡർ അറിയാനിടയായി. വേണ്ടത്ര അന്വേഷണം നടത്തി സത്യമെന്നു ബോദ്ധ്യമായവ ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചു. റ്റി. എസ്. ഏബ്രഹാമിന്റെ കൊള്ളരുതായ്മകളേക്കുറിച്ച് കെ.സി. ജോൺ തന്നെ പറഞ്ഞുതന്നു. പിന്നീട് കെ.സി.ജോണിന്റെ തോന്ന്യാസങ്ങളേകുറിച്ചും ഡിഫെൻഡർ എഴുതി. ഇപ്പോൾ പെന്തക്കോസ്തിലുള്ള പ്രധാന കള്ളന്മാരേക്കുറിച്ചെല്ലാം ഡിഫെൻഡർ എഴുതിക്കൊണ്ടിരിക്കുന്നു.

മറ്റൊരു പത്രത്തിനുമില്ലാത്ത ഒട്ടേറെ പ്രത്യേകതകൾ ഡിഫെൻഡറിനുണ്ട്. ഡിഫെൻഡറിന്റെ ഓരോ ലക്കവും 10,000-ൽ അധികം ആളുകൾ ഇന്റർനെറ്റിലൂടെ വായിക്കുന്നു എന്നതാണ് അവയിൽ ഏറ്റവും ശ്രദ്ധേയമായത്. വിദേശ രാജ്യങ്ങളിൽ ഏറ്റവും അധികം സ്വാധീനമുള്ള മലയാള പെന്തക്കോസ്ത് പത്രം ഡിഫെൻഡറാണ്. പണം വാങ്ങി സപ്ലിമെന്റുകൾ പ്രസിദ്ധീകരിക്കുക, നേതാക്കന്മാർക്ക് സ്തുതിപാടുക, കൺവൻഷൻ വാർത്തകൾ പ്രസിദ്ധീകരിക്കുക തുടങ്ങിയവ ഡിഫെൻഡർ ചെയ്യുന്നില്ല.

ദി ഡിഫെൻഡർ
Vol. No.11 Issue No.22 2008 November 16

# പെന്തക്കോസ്തിലെ കത്തി വേഷങ്ങൾ

ചന്ദ്രയാൻ ദൗത്യം വിജയകരമായി പൂർത്തിയാക്കിയ ഡോ.ജി. മാധവൻ നായരും ടീമും സന്തോഷം പങ്കിടുന്ന ഒരു ചിത്രം പത്രത്തിൽ കാണുകയുണ്ടായി. ആർക്കും ടൈയ്യോ കോട്ടോ ഇല്ല. പിന്നീട് ഡോ.ജി. മാധവൻ നായർ ഒരു ചാനലിന് അഭിമുഖം കൊടുത്തതും സാധാരണ വേഷത്തിൽ തന്നെ. അദ്ദേഹത്തിന്റെ വേഷത്തേപ്പറ്റി അവതാരകൻ എടുത്തു ചോദിക്കുകയുണ്ടായി. ടൈയ്യും കോട്ടും ധരിക്കുന്നത് തെറ്റല്ലെങ്കിലും ഇവിടെ അതിന്റെ ആവശ്യമില്ലാത്തതുകൊണ്ട് അവ ഒഴിവാക്കുകയായിരുന്നു എന്നത്രേ അദ്ദേഹം പറഞ്ഞത്. ടൈയ്യും കെട്ടി കോട്ടുമിട്ട് ശ്വാസം മുട്ടി ഇരിക്കുന്നത് കഴിയുന്നത്ര ഒഴിവാക്കുകയാണ് നല്ലത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇതു വായിച്ച ഏവരും പെന്തക്കോസ്തിലെ കത്തിവേഷങ്ങളേക്കുറിച്ച് അല്പമൊന്നു ചിന്തിക്കുന്നതു നന്നായിരിക്കും. പത്താം ക്ലാസ് തോറ്റിട്ട് ചുമ്മാഡോയുമായി വിലസുന്ന ഒരു ശുംഭൻ റാന്നിയിലുണ്ട്. ഇവനെ കണ്ഠകൗപീനമില്ലാതെ കാണാൻ ബുദ്ധിമുട്ടാണ്. അതേ സമയം റാന്നിയിൽ തന്നെയുള്ള രണ്ടു ദൈവമക്കളേ ഡിഫെൻഡറിനറിയാം. ഇവർ ഭാര്യാഭർത്താക്കന്മാരാണ്. ഭർത്താവ് ശാസ്ത്രത്തിൽ ഡോക്ട്രേറ്റുള്ള ആൾ. ഒരു കൊളേജിലെ പ്രൊഫസറാണ്. ഭാര്യ ഗൈനക്കോളജിസ്റ്റാണ്. ഇരുവരേയും സാധാരണ വേഷത്തിലല്ലാതെ ഏറെപ്പേർ കണ്ടിരിക്കില്ല. പക്ഷേ ചുമ്മാഡോകൾക്ക് ഇങ്ങനെ ലളിതമായി വസ്ത്രം ധരിക്കാനോ സാധാരണക്കാരേപ്പോലെ സംസാരിക്കാനോ പറ്റില്ല.

കിണ്ണം കട്ടവന് ആ രഹസ്യം മാലോകരൊക്കെ അറിഞ്ഞു എന്നൊരു ധാരണയുണ്ട്. അതുകൊണ്ട് 'എന്നെ കണ്ടാൽ കിണ്ണം കട്ടതാണെന്നു തോന്നുമോ' എന്ന് ഇയാൾ ഇടക്കിടക്ക് ചോദിച്ചു കൊണ്ടിരിക്കും. ചുമ്മാഡോയുമായി നടക്കുന്നവർക്ക് യഥാർത്ഥമായി തങ്ങൾക്കു ഡോക്ട്രേറ്റ് ഇല്ലാ എന്ന് അറിയാം. അതുകൊണ്ട് അവർ സ്ഥാനത്തും അസ്ഥാനത്തും ഡോ എഴുതും. വെറും ഡോ അല്ല, റവ.ഡോ ആണ് ഈ ശുംഭന്മാരൊക്കെ. ഡോക്ട്രേറ്റുള്ളവർക്ക് അൽപം ഗമയൊക്കെ വേണമല്ലോ. അതിനാണ് ടൈയ്യും കോട്ടും. തങ്ങളെ റവ.ഡോ. എന്നു വിശേഷിപ്പിച്ചി ല്ലെങ്കിൽ ഇവരുടെ മുഖം കറക്കും. നോട്ടീസിൽ റവ.ഡോ എന്ന് വയ്ക്കണമെന്ന് നിർബ്ബന്ധം. എന്തിനേറെ പറയുന്നു സ്വന്തം കൈ കൊണ്ട് പേരെഴുതുമ്പോൾ പോലും റവ.ഡോ. എന്നിവർ എഴുതും. ഇവരുടെ ഡോകളുടെ വില ആയിരത്തിനും പതിനായിരത്തിനും ഇടയിലാണെന്നോർക്കണം.

ഈ തോന്ന്യാസങ്ങൾക്കെതിരെ ഡിഫെൻഡർ എത്രവട്ടം എഴുതിയാലും പെന്തക്കോസ്തിൽ ചുമ്മാഡോകളുടെ എണ്ണംവർദ്ധിച്ചുവരികയേയുള്ളൂ എന്ന് തീർച്ചയാണ്. എങ്കിലും തിന്മകൾക്കെതിരെ ശബ്ദിക്കാതിരിക്കാൻ ഡിഫെൻഡറിനു പറ്റില്ല. വിശ്വാസികളുടെ സഹകരണം ഉണ്ടെങ്കിൽ ഒരതിരുവരെയെങ്കിലും ഈ തിന്മ തടയാനാകും. ഏതു യൂണിവേഴ്സിറ്റിയിൽ നിന്നാണ് ഡോക്ട്രേറ്റ് കിട്ടിയത്, എന്തായിരുന്നു ഗവേഷണ വിഷയം, ആരായിരുന്നു ഗൈഡ് എന്നൊക്കെ ചോദിക്കാൻ ആളുണ്ടായാൽ ഇവന്മാർ സ്വയം പത്തി താഴ്ത്തിക്കൊള്ളും.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

ഗതികേടിന് കൈയ്യും കാലും വച്ചാൽ എന്താണോ അതാണ് എൻ.സി.പി. വിശേഷിച്ച് ഒരു കാരണവും കൂടാതെ പിതാവും പുത്രനും കൂടി കോൺഗ്രസ്സ് വിട്ട് പുറത്തുചാടി. നാഷണൽ കോൺഗ്രസ്സ്(ഇന്ദിര) എന്നായിരുന്നു പുതിയ പാർട്ടിയുടെ പേര്. പക്ഷേ ഈ പേര് ഏറെക്കാലം നീണ്ടുനിന്നില്ല. തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉറച്ച നിലപാടു നിമിത്തം പാർട്ടിയുടെ പേര് ഡെമോക്രാറ്റിക്ക് ഇന്ദിര കോൺഗ്രസ്സ് (കരുണാകരൻ) എന്നാക്കേണ്ടി വന്നു. ഈ പാർട്ടിയുടെ കഷ്ടകാലം ഇതൊന്നും കൊണ്ട് അവസാനിച്ചില്ല. യു.ഡി.എഫിനെ തറപറ്റിക്കുക എന്നത് പ്രഖ്യാപിത ലക്ഷ്യമായി ഉയർത്തിക്കാട്ടി രൂപീകരിച്ച ഡി.ഐ.സി.ക്ക് ഇടതു മുന്നണിയിൽ പ്രവേശനം കിട്ടാതെ വന്നപ്പോൾ യു.ഡി.എഫ്. പാളയത്തിലേക്ക് തിരിച്ചു പോകേണ്ടിവന്നത് ചരിത്രം. കേരളത്തിലെ ജനങ്ങൾ കഴുതകളല്ലെന്ന് തെരഞ്ഞെടുപ്പു ഫലം തെളിയിച്ചു.

വീണ്ടും ഡി.ഐ.സി. എൽ.ഡി.എഫിന്റെ പടിവാതിക്കൽ കാത്തുകിടപ്പു തുടങ്ങി. പക്ഷേ ഡി.ഐ.സി.ക്ക് എൽ.ഡി.എഫിൽ പ്രവേശനം ലഭിക്കില്ല എന്നു വ്യക്തമായതോടെ ഡി.ഐ.സി ഒരു പരകായപ്രവേശത്തിന് തയ്യാറായി. ഇടതു മുന്നണിയിൽ മാനം മര്യാദക്ക് കഴിഞ്ഞിരുന്ന എൻ.സി.പിയിലേക്കാണ് ഡി.ഐ.സി. ആവേശിച്ചത്. അതൊടെ എൻ.സി.പി. ഇടതു മുന്നണിയിൽ നിന്ന് പുറത്തായി.

ഒറ്റക്കു നിൽക്കുമെന്നും പലരേയും തോൽപ്പിക്കാൻ തങ്ങൾക്ക് കഴിവുണ്ടെന്നും മറ്റും വീരസ്യം പറഞ്ഞ് ഇരുമുന്നണികളേയും കുറേനാൾ വിരട്ടിനോക്കി. പക്ഷേ ആരും മൈന്റ് ചെയ്തില്ല. അതോടെ ലീഡർക്ക് കാര്യം പിടികിട്ടി. ഇരുചെവി അറിയാതെ അദ്ദേഹം കൊൺഗ്രസ്സിൽ ചേക്കേറി. അങ്ങനെ പുത്രൻ വഴിയാധാരമായി. പിതാവ് പോയതോടെ ഇടതുമുന്നണിയിൽ കയറിപ്പറ്റാനുള്ള തടസ്സം നീങ്ങി എന്നാണ് പാവം പുത്രൻജി കരുതിയത്. പക്ഷേ ഏറെ കാത്തിരുന്നിട്ടും ഇടതുമുന്നണി കനിഞ്ഞില്ല. ഒറ്റയ്ക്കു നിൽക്കുമെന്ന ഭീഷണി വീണ്ടും പ്രയോഗിച്ചെങ്കിലും ആരും കേട്ട ഭാവം നടിച്ചില്ല. ഇനി എന്താണു വഴി? യു.ഡി.എഫിലേക്ക് മടങ്ങുകതന്നെ. പക്ഷേ കേരളത്തിലെ കോൺഗ്രസ്സ് നേതാക്കന്മാർ അടുക്കുന്ന മട്ടില്ല. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി എങ്ങനെയെങ്കിലും യു.ഡി.എഫിൽ ചേക്കേറാമെന്ന പ്രതീക്ഷയിലാണ് പുത്രൻജി. ഇതു നടന്നില്ലെങ്കിൽ ബി.ജെ.പി.യുമായി കൂട്ടുകൂടുകയേ നിവൃത്തിയുള്ളു. ഇത്ര ഗതികെട്ട ഒരു പാർട്ടി ഈ ഭൂമിമലയാളത്തിൽ വേറെ ഏതുണ്ടു മാളോരേ!!

ചെകുത്താനും കടലിനും ഇടയിൽ പെട്ട സ്ഥിതിയാണ് ഇടതുമുന്നണിയുടേത്. മുസ്ലീം ലീഗ് വർഗ്ഗീയപാർട്ടിയാണ് എന്നും അവരെ തൊടുന്നത് ഹറാമാണെന്നും എൽ.ഡി.എഫ്. നാളിതുവരെ പറഞ്ഞുനടക്കുകയായിരുന്നു. പക്ഷേ മുസ്ലീം ലീഗിനേക്കാൾ തീവ്രനിലപാടുകളുള്ള പി.ഡി.പി.യുമായി അനൗദ്യോഗികമായിട്ടെങ്കിലും എൽ.ഡി.എഫിന് ധാരണയുണ്ടാക്കേണ്ടതായിവന്നു. കേരളത്തിൽ ഭീകരവാദം വളർത്താൻ ഈ കൂട്ടുകെട്ട് ഇടയാക്കി എന്ന് യു.ഡി.എഫും ബി.ജെ.പിയും ഒരേസ്വരത്തിൽ പറയുമ്പോൾ മറുപടി പറയാൻ ആകാതെ എൽ.ഡി.എഫ്. വിഷമിക്കുകയാണ്. മഅദനി ഈയിടെ നടത്തിയ ഒരു പത്രസമ്മേളനം ഗുണത്തേക്കാളേറെ ദോഷം ചെയ്തു. തനിക്ക് ഇപ്പോൾ തീവ്രവാദികളുമായി ഒരു ബന്ധവുമില്ലെന്നാണ് മഅദനി പറഞ്ഞത്. പണ്ട് ബന്ധമുണ്ടായിരുന്നു എന്നല്ലേ ഈ പറഞ്ഞതിന്റെ അർത്ഥം എന്ന ചോദ്യത്തിന് മറുപടി പറയാൻ അത്ര എളുപ്പമല്ലല്ലോ.

പണ്ട് ഇന്ത്യ വിക്ഷേപിക്കുന്ന റോക്കറ്റുകൾ കുറച്ചുദൂരം മുകളിലേക്ക് പോയിട്ട് കടലിലേക്ക് പതിക്കുകയായിരുന്നു പതിവ്. എന്നാൽ കുറച്ചുകാലമായി ഇന്ത്യ പതിവിനു വിപരീതമായി ലക്ഷ്യം കണ്ടുവരികയായിരുന്നു. ഇപ്പോഴിതാ ചന്ദ്രന്റെ 100 കി.മി. അടുത്തുവരെ എത്തിയിരിക്കുന്നു. ഇത് ഏത് ഇന്ത്യാക്കാരനും അഭിമാനിക്കാവുന്ന നേട്ടം തന്നെ.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## ഈ വചനം വിശ്വാസയോഗ്യമാകുന്നു.......

ഇങ്ങനെയുള്ളവർ കള്ളയാപ്പോസ്തലൻമാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പോസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ. അത് ആശ്ചര്യവുമല്ല. സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൻ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല. അവരുടെ അവസാനം അവരുടെ പ്രവൃത്തികൾക്ക് ഒത്തതായിരിക്കും.(2 കൊരി. 11:13-15)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

# മോനച്ചൻ പ്രവാചകൻ അനപത്യദു:ഖമകറ്റി



കുട്ടികളില്ലാത്ത ദമ്പതികൾക്ക് ദൈവദാസന്മാരുടെ പ്രാർത്ഥനയാൽ കുട്ടികളുണ്ടായ നിരവധി സംഭവങ്ങളുണ്ട്. പ്രാർത്ഥന കൊണ്ടല്ലെങ്കിലും മോനച്ചൻ പ്രവാചകൻ ഇത്തരത്തിൽ ഒരു അത്ഭുതം ചെയ്ത കഥയാണ് പറയാൻ പോകുന്നത്.

ഈ കഥയിലെ നായകൻ മോനച്ചന്റെ അടുത്ത ഒരു ബന്ധുവാണ്. സൗകര്യത്തിനു വേണ്ടി നമുക്ക് അദ്ദേഹത്തെ സഹോദരൻ എന്നു വിളിക്കാം. ഈ സഹോദരൻ ചെറുപ്പകാലത്ത് എല്ലാവിധ ദുർഗ്ഗുണങ്ങളുടേയും വിളനിലമായിരുന്നു. ഇദ്ദേഹവും സുഹൃത്തും കൂടി മദ്യപിക്കാൻ പണമില്ലാതെ വിഷമിച്ചു നടന്ന സമയത്ത് ഒരാൾ ഇവരെ സമീപിച്ച് 150 രൂപയും കുറെ ബിസ്ക്കറ്റും ഒരു ബക്കറ്റും വാഗ്ദാനം ചെയ്തു. അക്കാലത്ത് 150 രൂപ വലിയൊരു തുകയാണ്. അതുകൊണ്ട് കൂടുതലൊന്നും ആലോചിക്കാതെ ഇരുവരും ആ മനുഷ്യനോടൊപ്പം പോയി. അവർ എത്തിയത് ഒരു സർക്കാർ ആശുപത്രിയിലാണ്. അവിടെ അഞ്ചോ പത്തോ മിനിറ്റ് മാത്രം നീണ്ടുനിന്ന ഒരു ഓപ്പറേഷൻ നടത്തി. ഏജന്റ് പറഞ്ഞതുപോലെ 150 രൂപയും ബിസ്ക്കറ്റും ബക്കറ്റും ലഭിക്കുകയും ചെയ്തു. ഏറെ താമസിയാതെ ഇരുവരും ഈ കഥയൊക്കെ മറന്നു.

ചില വർഷങ്ങൾക്ക് ശേഷം ഇരുവരും വിവാഹിതരായി. പക്ഷേ ഒരു കുഞ്ഞിക്കാലു കാണാനുള്ള ഭാഗ്യം ഇരുവർക്കും ഉണ്ടായില്ല. സുഹൃത്തിന്റെ ഭാര്യ അൽപം ഗവേഷണം നടത്തിയപ്പോൾ കാര്യം പിടികിട്ടി. വിവാഹമോചനം നടത്തി അവർ പ്രശ്നം പരിഹരിച്ചു. പക്ഷേ സഹോദരന്റെ രഹസ്യം കുറേക്കാലം കുടെ രഹസ്യമായി തന്നെ ഇരുന്നു. ഒരു രഹസ്യവും ഒരളവിലധികം കാലം രഹസ്യമാക്കി വയ്ക്കാനാവില്ലല്ലോ. അങ്ങനെ ആ രഹസ്യവും പുറത്തായി. പക്ഷേ വിവാഹമോചനവും മറ്റും നടത്തിയില്ല.

മോനച്ചൻ ഈ അവസരം ശരിക്കും വിനിയോഗിച്ചു. സഹോദരന്റെ ഭാര്യയുമായി ഇയാൾ അതിരുവിട്ട് അടുത്തു. എങ്ങനെയെങ്കിലും ഒരു കുട്ടിയുണ്ടാകണം എന്ന ആഗ്രഹമുണ്ടായിരുന്നതുകൊണ്ട് ആ സ്ത്രീയും വഴങ്ങി. ഇരുവരും അപ്പോൾ അബുദാബിയിലായിരുന്നു. അവിടെ ഇതിനുള്ള സാഹചര്യം വളരെ കുറവാണ്. അതുകൊണ്ട് ഇരുവരും ചേർന്ന് ഒരു പദ്ധതി തയ്യാറാക്കി. സഹോദരന്റെ ഭാര്യക്ക് നാട്ടിലേക്കു പോകാൻ മോഹം. പക്ഷേ ഒറ്റയ്ക്കു പോകുന്നതെങ്ങനെ? അപ്പോളാണ് അറിയുന്നത്, മോനച്ചനും ആ ദിവസങ്ങളിൽ നാട്ടിലേക്കു പോകുന്നുണ്ട്. അങ്ങനെ ഇരുവരും ചേർന്ന് നാട്ടിലെത്തി.

മൂന്നു മാസം കഴിഞ്ഞ് സഹോദരൻ ഭാര്യയെ കാണാൻ നാട്ടിലെത്തി. ഭാര്യ സന്തോഷവതിയായിരിക്കുന്നു. മാത്രമല്ല അവർ ഏറെ സന്തോഷമുളവാക്കുന്ന ഒരു വാർത്തയും സഹോദരനെ അറിയിച്ചു. ദൈവം ഇതാ പ്രാർത്ഥന കേട്ടിരിക്കുന്നു. താൻ ഒരു അമ്മയാകാൻ പോകുന്നു. എന്തു മറുപടി പറയണമെന്നറിയാതെ അയാൾ മിഴിച്ചിരുന്നു.




# അവറാനു മറുപടിയില്ല



മൗനം വിദ്വാനു ഭൂഷണം എന്ന ചൊല്ലു മാറ്റി മൗനം കള്ളന്മാർക്കു ഭൂഷണം എന്നാക്കേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. കെ.എ. ഏബ്രഹാമിന്റെ മൗനം തന്നെ നല്ല ഉദാഹരണം.

കെ.എ.ഏബ്രഹാം ദുർമാർഗ്ഗിയാണ് എന്ന് ഡിഫെൻഡർ എഴുതി. കെ.എ.ഏബ്രഹാം അതു നിഷേധിച്ചാൽ ശാരോൻ നേതാക്കന്മാരുടെ മുമ്പിൽ തെളിവു ഹാജരാക്കാമെന്നും ഡിഫെൻഡർ വ്യക്തമാക്കിയിരുന്നു. ഡിഫെൻഡർ പറഞ്ഞതെല്ലാം സത്യമാണെന്ന് കെ.എ.ഏബ്രഹാമിനറിയാം. നിഷേധിക്കാൻ പോയാൽ ഡിഫെൻഡർ തെളിവ് ഹാജരാക്കും. മിണ്ടാതിരുന്നാൽ ആ പ്രശ്നം ഉണ്ടാകില്ല. എന്താ മറുപടി പറയാത്തത് എന്ന് ആരെങ്കിലും ചോദിച്ചാൽ ലളിതമായ ഒരു ഉത്തരം കൊടുക്കാൻ കഴിയും. ഡിഫെൻഡർ എല്ലാ ദൈവദാസന്മാരേക്കുറിച്ചും ഇങ്ങനെ അപവാദകഥകൾ പ്രചരിപ്പിക്കാറുണ്ട്. അവരാരും പ്രതികരിക്കാറില്ലല്ലോ. ഡിഫെൻഡർ പോലുള്ള മഞ്ഞപ്പത്രങ്ങൾ വായിക്കുന്നത് ദൈവമക്കൾ നിർത്തിയാൽ ഈ പ്രശ്നം തീരും. ഇതൊക്കെ വിശ്വസിക്കാനും നിരവധി വിഡ്ഢികൾ ഉള്ളതുകൊണ്ട് കെ.എ.ഏബ്രഹാമിന് അഷ്ടിക്ക് മുട്ടുവരില്ല.

# ഗോല്യാത്തിന് ഉയരം വിനയായി

ദാവീദ് ഗോല്യാത്തിനെ കൊന്ന സംഭവത്തെ ആസ്പദമാക്കി നൂറുകണക്കിന് പ്രസംഗങ്ങൾ ഏവരും കേട്ടിരിക്കും. പക്ഷേ ദാവീദ് എറിഞ്ഞ കല്ല് എങ്ങനെ ഗോല്യാത്തിന്റെ നെറ്റിയിൽ കൊണ്ടു എന്ന മർമ്മം അവറാനു മാത്രമേ വെളിപ്പെട്ടു കിട്ടിയിട്ടുള്ളു. ഗോല്യാത്തിന് 6 മുഴവും ഒരു ചാണും ആയിരുന്നു ഉയരം. നെറ്റിയിൽ നിന്ന് ഉച്ചിവരെയുള്ള ദൂരം ഒരു ചാണാണ്. മറ്റുള്ളവരേക്കാൾ ഒരു ചാൺ ഉയരം കൂടിയതാണ് പ്രശ്നമായത്. മറ്റു ഫെലിസ്ത്യരുടെ തലയ്ക്കു മുകളിലൂടെ പോയ കല്ല് ഗോല്യാത്തിന്റെ നെറ്റിയിൽ കൊണ്ടു. അങ്ങനെ അവൻ ചത്തു. (ഭേഷ്).

ഒരു മുഴം എന്നാൽ ഒന്നരയടിയാണ്. അപ്പോൾ മറ്റു ഫെലിസ്ത്യർക്കെല്ലാം 9 അടി ഉയരമുണ്ടായിരുന്നോ? ഒരു ചാൺ നീളം കൂടിപ്പോയതാണോ ഗോല്യാത്ത് ചെയ്ത തെറ്റ്? സകല ഫെലിസ്ത്യരും ലൈനായിട്ടു നിന്നെങ്കിൽ മാത്രമല്ലേ ഉയരം കൂടിയ ഗോല്യാത്തിന് നെറ്റിയിൽ ഏറുകൊള്ളു? ഉത്തരമില്ല.

# ഷാജി സുകുമാരൻ ബുദ്ധിമുട്ടിലായി



അത്യുഗ്രൻ ദൈവദാസനായി വിലസിയിരുന്ന റവ.ഡോ. ഷാജി സുകുമാരൻ ഇപ്പോൾ ശരിക്കും വിഷമത്തിലായിരിക്കെയാണ്. തന്റെ തട്ടിപ്പുകളെല്ലാം മാലോകർ അറിഞ്ഞുകഴിഞ്ഞു. ഡിഫെൻഡർ പറയുന്നതെല്ലാം കള്ളമാണെന്ന് എല്ലാ കള്ളന്മാരേയും പോലെ ഷാജിയും പറയുന്നുണ്ടെങ്കിലും വിശ്വസിക്കാൻ ഏറെപ്പേരേ കിട്ടുന്നില്ല.

പെണ്ണ്, പണം എന്നിവ രണ്ടുമാണ് ഷാജിയുടെ ഇഷ്ട വിഷയങ്ങൾ. ഇപ്പോഴത്തെ ഭാര്യയേപ്പോലും ബഹറിനിലെ കുപ്രസിദ്ധമായ കുവൈറ്റ് ബിൽഡിംഗിൽ വച്ച് പരിചയപ്പെട്ടു നേടിയതാണ്. ഈ സ്ത്രീക്ക് ഒരു അറബിയുടെ വകയായി ഒരു കുട്ടിയുണ്ട്. ആ കുട്ടിയിപ്പോൾ ഇന്ത്യയിൽ വളരുന്നു. അതുകഴിഞ്ഞ് നിരവധി അബോർഷനുകൾ നടത്തി തഴക്കവും പഴക്കവും വന്ന കക്ഷിയാണ് ഇവർ. ഏതായാലും ഇവർ ഷാജിക്ക് യോജിച്ച തുണയാണെന്നതിനു സംശയമില്ല.

വിവിധ കാരണങ്ങൾ പറഞ്ഞ് പണം പിരിക്കുകയാണ് ഷാജിയുടെ പരിപാടി. ഉദാഹരണത്തിന്, താൻ ഒരു അനാഥശാല നടത്തുന്നതായി പറഞ്ഞ് ഷാജി പണം പിരിക്കാറുണ്ട്. ഒരു കുട്ടിക്ക് ഒരു മാസത്തെ ചെലവിന് 900 രൂപ എന്ന നിരക്കിലാണ് പിരിക്കുന്നത്. അങ്ങനെ എല്ലാ മാസവും നൂറുകണക്കിന് ആളുകളിൽ നിന്ന് ഷാജി പണം പിരിക്കുന്നു. പക്ഷേ തന്റെ അനാഥശാല എവിടെയാണ് എന്ന് ഷാജി പറയില്ല. അനാഥശാലയുണ്ടെന്ന് വെബ്സൈറ്റിൽ പറയുന്നുണ്ടെങ്കിലും അഡ്രസ്സുൾപ്പെടെ ഒരു വിവരവും ഷാജി വെളിപ്പെടുത്തുന്നില്ല. അതിന് കാരണമുണ്ട്. അനാഥശാല നടത്തുന്നത് താനാണെന്ന് ഷാജി പറയുന്നുണ്ടെങ്കിലും സത്യം അതല്ല. മറ്റൊരാൾ നടത്തുന്ന അനാഥശാലക്ക് ഷാജി മാസം തോറും 5000 രൂപ കൊടുക്കുന്നു എന്നതു മാത്രമാണ് ഷാജിക്ക് ഈ അനാഥശാലയുമായുള്ള ബന്ധം. ഈ അനാഥശാലയുടെ പേരുപറഞ്ഞ് പതിനായിരക്കണക്കിനു രൂപ പിരിച്ചെടുത്തതിനു ശേഷം അവർക്ക് കൊടുക്കുന്നത് വെറും 5000 രൂപാ മാത്രം. ഒരു പക്ഷേ ഡിഫെൻഡർ ഈ അനാഥശാലയെപ്പറ്റി അന്വേഷിക്കാൻ നേരിൽ ചെല്ലുമോ എന്ന് ഷാജിക്കു ഭയമുണ്ട്. അതുകൊണ്ട് അനാഥശാലയെപ്പറ്റി അന്വേഷിക്കാൻ ആരെങ്കിലും വന്നാൽ പത്തു കുട്ടികൾ മാത്രമേ അവിടെയുള്ളൂ എന്ന വസ്തുത വെളിപ്പെടുത്തരുത് എന്ന് അനാഥശാലയുടെ നടത്തിപ്പുകാരന് ഷാജി നിർദ്ദേശം കൊടുത്തിട്ടുണ്ട്. മാത്രമല്ല അനാഥശാലയുടെ ഫോട്ടോ എടുക്കാനോ കുട്ടികളുമായി സംസാരിക്കാനോ അനുവദിക്കരുതെന്നും ശട്ടം കെട്ടിയിട്ടുണ്ട്.

മാസം 5000 രൂപാ കൊണ്ട് പത്തു കുട്ടികൾക്ക് ചെലവിനു നൽകാൻ ആവില്ലാ എന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. എങ്കിലും മറ്റു പോംവഴിയൊന്നുമില്ലാത്തതുകൊണ്ട് അവർ സഹിച്ചുകഴിഞ്ഞുകൂടി. എന്നാൽ ഡിഫെൻഡറിൽ വാർത്ത വന്ന ശേഷം ചിലർ ഈ കുട്ടികളുടെ സ്ഥിതി മനസ്സിലാക്കുകയും കഴിഞ്ഞുകൂടാൻ ആവശ്യമായ പണം നൽകാൻ തീരുമാനിക്കയും ചെയ്തു.



# കമ്പ്യൂട്ടറിലെ ചാരന്മാർ

മാന്യനായ ഒരു ദൈവദാസന്റെ ഈമെയിൽ വിലാസത്തിൽ നിന്ന് അദ്ദേഹത്തിന്റെ നിരവധി സുഹൃത്തുക്കൾക്ക് ഈയിടെ കുറെ വൃത്തികെട്ട ഈമെയിലുകൾ ലഭിച്ചു. അവരിൽ ചിലർ ഈ ദൈവദാസനെ വിളിച്ച് വിശദീകരണം ചോദിച്ചപ്പോഴാണ് അദ്ദേഹം കാര്യം അറിയുന്നതു തന്നെ. എന്തു ചെയ്യണമെന്നറിയാതെ അദ്ദേഹം ഡിഫെൻഡർ ഓഫീസിലേക്കു വിളിച്ചു. സാദ്ധ്യമായ പരിഹാരം ഞങ്ങൾ പറഞ്ഞ് കൊടുക്കയും ചെയ്തു. അതെപ്പറ്റി പിന്നാലെ പറയാം.

മറ്റൊരു ദൈവദാസന്റെ ഈമെയിൽ വിലാസത്തിൽ നിന്ന് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കു ലഭിച്ചത് മറ്റൊരു വിധത്തിലുള്ള ഈമെയിലാണ്. അദ്ദേഹം വിദേശപര്യടനത്തിലാണെന്നും അതിനിടയിൽ പണവും വസ്ത്രവും മറ്റും മേഷണം പോയെന്നുമാണ് ഈമെയിലിൽ പറഞ്ഞിരുന്നത്. അത്യാവശ്യമായി കുറച്ച് പണം തന്ന് സഹായിക്കണം. ഒരു സുഹൃത്തിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ താഴെ കൊടുക്കുന്നു. ആ അക്കൗണ്ടിലേക്ക് പണം നിക്ഷേപിച്ചാൽ മതിയാകും. ഈമെയിൽ കിട്ടിയ സുഹൃത്തുകളിൽ ചിലർ ഈ ദൈവദാസന്റെ വീട്ടിലേക്കു വിളിച്ച് വിശദവിവരം തിരക്കി. ഫോൺ എടുത്തത് ഈ ദൈവദാസൻ തന്നെ ആയിരുന്നു. താൻ വിദേശത്തല്ലെന്നും അപ്രകാരം ഒരു ഈമെയിൽ അയച്ചിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ആദ്യം പറഞ്ഞ സംഭവം ഏതോ ക്രാക്കർ ഒപ്പിച്ച തമാശയാണെങ്കിൽ രണ്ടാമത്തേത് ശരിക്കുള്ള തട്ടിപ്പുതന്നെ. പക്ഷേ ഈ രണ്ടുതരം ഈമെയിലുകളും ദോഷം ചെയ്യുന്നവയാണ്.

ഒരു വ്യക്തിയുടെ ഈമെയിൽ വിലാസം കണ്ടെത്തുന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ല. പക്ഷേ അദ്ദേഹത്തിന്റെ സുഹൃത്തുക്കളുടെ ഈമെയിൽ വിലാസങ്ങൾ മനസ്സിലാക്കി അവർക്കു കത്തയക്കുക എന്നത് അത്ര എളുപ്പമല്ല. പക്ഷേ ഇവിടെ അത് നടന്നിരിക്കുന്നു. എങ്ങനെ? ഈ ചോദ്യത്തിനുള്ള ഉത്തരം വിശദമായി പറയാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. അതുകൊണ്ട് കാര്യം ചുരുക്കി പറയാം.

നമ്മുടെ കമ്പ്യൂട്ടറിൽ കടന്നുകൂടി അതിലുള്ള വിവരങ്ങൾ ശേഖരിച്ച് മറ്റൊരാൾക്കു നൽകുന്ന നിരവധി കമ്പ്യൂട്ടർ പ്രോഗ്രാമുകളുണ്ട്. ട്രോജൻ, ബാക്ക്ഡോർ, സ്പൈവെയർ, മാൽവെയർ തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന കമ്പ്യൂട്ടർ പ്രോഗ്രാമുകൾ ഉപയോഗിച്ചാണ് ഇത് സാദ്ധ്യമാകുന്നത്. നാം ഏതെങ്കിലും വെബ് സൈറ്റ് സന്ദർശിക്കുമ്പോഴോ ഈമെയിൽ തുറക്കുമ്പോഴോ ഇത്തരം പ്രോഗ്രാമുകൾ നമ്മുടെ കമ്പ്യൂട്ടറിൽ കയറിപ്പറ്റും. മരുപ്പച്ച, ഗുഡ്ന്യൂസ് എന്നീ പ്രസിദ്ധീകരണങ്ങളുടെ വെബ് സൈറ്റിൽ ഇത്തരം ചില മാൽവെയറുകൾ എങ്ങനെയോ കടന്നുകൂടിയിട്ടുണ്ട്. (ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക).

ഈ മാൽവെയറുകൾ എല്ലാം ഒരുതരം ചാരന്മാരാണ്. അതുകൊണ്ട് ഇവർ വേഷം മാറി മാത്രമേ പ്രത്യക്ഷപ്പെടു. കമ്പ്യൂട്ടർ പ്രവൃത്തിക്കാൻ അത്യന്താപേക്ഷിതമായ iexplore.exe, svchost.exe തുടങ്ങിയ സിസ്റ്റം ഫയലുകളാണ് ഇവ സാധാരണയായി സ്വീകരിക്കുക. അതുകൊണ്ട് ഇവ ചാരന്മാരാണെന്ന് നാം തിരിച്ചറിയുക പോലുമില്ല.

നാം ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ ഈ പ്രോഗ്രാമുകളും പ്രവർത്തനം ആരംഭിക്കും. നമ്മുടെ കമ്പ്യൂട്ടറിൽ ശേഖരിച്ചു വച്ചിരിക്കുന്ന വിലപ്പെട്ട വിവരങ്ങൾ കണ്ടെത്തി ക്രാക്കർക്ക് ഈ ചാരന്മാർ അയച്ചുകൊടുക്കും. പാസ്സ്‌വേഡുകൾ, ഈമെയിൽ വിലാസങ്ങൾ, ക്രഡിറ്റ് കാർഡിന്റെ വിശദ വിവരങ്ങൾ തുടങ്ങി പലതും ഇങ്ങനെ ക്രാക്കറുടെ കൈയ്യിൽ എത്തുന്നു. ഇതുപയോഗിച്ച് അവർ സാധ്യമായ എല്ലാ തട്ടിപ്പുകളും നടത്തും. ഇങ്ങനെയുള്ള രണ്ട് സംഭവങ്ങളാണ് മേൽപ്പറഞ്ഞത്.

ഇത്തരം പ്രശ്നങ്ങൾ എങ്ങനെ ഒഴിവാക്കാം എന്നതാണ് അടുത്ത ചോദ്യം. ഇതിന് ഒരു ഒറ്റ മൂലിയില്ല എന്നതാണ് സത്യം. എങ്കിലും ഇത്തരം ചാരന്മാരെ തടയാൻ ഒരളവോളമെങ്കിലും സഹായകമാകുന്ന ചില മാർഗ്ഗങ്ങൾ പറയാം.

1. നല്ല ഒരു ആന്റി വൈറസ് പ്രോഗ്രാം കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്യൂക. ഈ പ്രോഗ്രാം കൃത്യമായ ഇടവേളകളിൽ അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കണം.
2. വെബ് സൈറ്റുകൾ സന്ദർശിക്കുമ്പോൾ വൈറസ് സാന്നിദ്ധ്യത്തേപ്പറ്റി മുന്നറിയിപ്പു കണ്ടാൽ ഉടൻ ആ വെബ് പേജ് ക്ലോസ് ചെയ്യുക.
3. പരിചയമില്ലാത്തവരിൽ നിന്നും ലഭിക്കുന്ന ഈമെയിലുകൾ തുറക്കാതിരിക്കുക. അറ്റാച്ച്മെന്റുകൾ ഉണ്ടെങ്കിൽ വൈറസ് സ്ക്കാനർ ഉപയോഗിച്ച് സ്ക്കാൻ ചെയ്ത ശേഷം മാത്രം ഡൗൺലോഡ് ചെയ്യുക.
4. പരിചയമുള്ളവരിൽ നിന്നു ലഭിക്കുന്ന ഈമെയിലുകളെ സംബന്ധിച്ച് സംശയമുണ്ടെങ്കിൽ ഈമെയിൽ അയച്ച ആളെ വിളിച്ച് വസ്തുതകൾ ഉറപ്പാക്കുക.
5. പാസ്‌വേഡുകൾ, ക്രഡിറ്റ് കാർഡിന്റേയും മറ്റും വിവരങ്ങൾ, സുഹൃത്തുക്കളുടെ ഈമെയിലുകൾ തുടങ്ങിയവ കമ്പ്യൂട്ടറിൽ സൂക്ഷിക്കുന്നത് ഒഴിവാക്കുക.
6. നമ്മുടെ കമ്പ്യൂട്ടറിൽ ചാരൻ ഉണ്ടെന്നു ബോദ്ധ്യമായാൽ പലതരം വൈറസ് സ്കാനറുകൾ ഉപയോഗിച്ച് അവയെ കണ്ടെത്താൻ ശ്രമിക്കുക. വിദഗ്ദ്ധരുടെ സഹായം തേടുന്നതും നല്ലതാണ്.
7. ഒരു വിധത്തിലും ചാരനെ ഒഴിവാക്കാൻ കഴിഞ്ഞില്ലെങ്കിൽ വിൻഡോസ് ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന ഡ്രൈവ് (സാധാരണയായി സി ഡ്രൈവ്) ഫോർമാറ്റ് ചെയ്യുക. അതിനു മുമ്പായി പ്രധാനപ്പെട്ട ഫയലുകൾ കോപ്പിചെയ്ത് സൂക്ഷിക്കാൻ മറക്കരുത്. ഫോർമാറ്റ് ചെയ്യുക, വിൻഡോസും മറ്റും ഇൻസ്റ്റാൾ ചെയ്യുക തുടങ്ങിയവ സാധാരണക്കാരനു ചെയ്യാനാവില്ല. അതുകൊണ്ട് ഒരു കമ്പ്യൂട്ടർ വിദഗ്ദ്ധന്റെ സഹായത്തോടെ മാത്രം ഇതു ചെയ്യുക. എത്ര ശ്രദ്ധിച്ചാലും നമ്മുടെ കമ്പ്യൂട്ടറിൽ ചാരൻ കേറിയെന്നു വരാം. എങ്കിലും പരമാവധി സൂക്ഷിക്കുക.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** അപ്പോസ്തലൻ, പ്രവാചകൻ തുടങ്ങിയ പേരുകൾ ചിലർ ഇക്കാലത്ത് ഉപയോഗിക്കുന്നതായി കാണുന്നു. ഈയിടെ എറണാകുളത്തു വന്ന ഒരു പ്രസംഗകനെ പ്രവാചകൻ എന്ന നിലയിലാണ് അവതരിപ്പിച്ചത്. ഇത് വചനാനുസൃതം ശരിയാണോ?

■ എറണാകുളത്തു വന്ന ആളെപ്പറ്റി ഏറെയൊന്നും ഡിഫെൻഡറിന് അറിഞ്ഞുകൂടാ. ഇദ്ദേഹത്തിന്റെ വെബ്സൈറ്റ് പരിശോധിച്ചെങ്കിലും ദുരുപദേശമൊന്നും കണ്ടില്ല. ഇദ്ദേഹം പ്രവാചകനാണോ എന്ന് അറിഞ്ഞുകൂടാ. അതുകൊണ്ട് ഗുണമോ ദോഷമോ ഡിഫെൻഡർ പറഞ്ഞുമില്ല.

ഇക്കാലത്ത് അപ്പോസ്തലൻമാർ, പ്രവാചകൻമാർ തുടങ്ങിയവർ ഉണ്ടോ എന്നതാണല്ലോ ചോദ്യം. തീർച്ചയായും ഉണ്ട്. പക്ഷേ അതിലേറെ കള്ള അപ്പോസ്തലന്മാരും കള്ളപ്രവാചകന്മാരും ഉണ്ടെന്നതാണു വസ്തുത. കള്ളനോട്ടുണ്ട് എന്നത് നല്ലനോട്ടുണ്ട് എന്നതിനു തെളിവാണല്ലോ. കർത്താവിനാൽ തിരഞ്ഞെടുക്കപ്പെട്ട 12 അപ്പോസ്തന്മാരെ കൂടാതെ പൗലോസ്, ബർന്നബാസ് തുടങ്ങിയ അപ്പോസ്തലന്മാർ ഒന്നാം നൂറ്റാണ്ടിൽതന്നെ ഉണ്ടായിരുന്നു. ഇന്നും ഉണ്ട്.

ദൈവത്തിന്റെ സഭയിൽ അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അദ്ധ്യാപകൻ എന്നീ ശുശ്രൂഷകന്മാർ ഉണ്ട് എന്ന് പൗലോസ് പറയുന്നു. (എഫെ. 4:11). ഇത് ഒന്നാം നൂറ്റാണ്ടിനുമാത്രം ബാധകമായ കാര്യമല്ല. എല്ലാ കാലത്തെ ദൈവസഭയ്ക്കും പ്രമാണം ഒന്നു തന്നെ. ഒന്നാം നൂറ്റാണ്ടിനു മാത്രമായി ഒരു പ്രമാണമില്ല.

ഇക്കാലത്ത് ചിലർ അപ്പോസ്തലൻ, പ്രവാചകൻ എന്നൊക്കെ പേരെടുക്കുന്നത് ശരിയാണോ എന്ന ചോദ്യവും പ്രസക്തമാണ്. ദൈവം ഏൽപ്പിക്കാത്ത ഒരു ശുശ്രൂഷയും ആരും ചെയ്യരുത്. ദൈവം അപ്പോസ്തോലിക ശുശ്രൂഷക്കായി വിളിച്ചവർക്ക് ആ സ്ഥാനപ്പേര് സ്വീകരിക്കാവുന്നതാണ്. പക്ഷേ അത്ഭുതങ്ങൾ, അടയാളങ്ങൾ, വീര്യപ്രവൃത്തികൾ, ബഹു സഹിഷ്ണുത, ആത്മാക്കളെ നേടാനുള്ള വിശേഷ കൃപ തുടങ്ങിയവയിലൂടെ അവർ തങ്ങളുടെ അപ്പോസ്തോലത്തം തെളിയിക്കണമെന്നു മാത്രം.

അഗബോസിനേപ്പോലുള്ള പ്രവാചകന്മാർ ഇന്നും ഉണ്ടാകാം. അവരെ പ്രവാചകൻ എന്നു വിളിക്കുന്നതിൽ തെറ്റില്ല. ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ അഗബോസിനെപ്പോലെ വെളിപ്പാടിൽ കണ്ട് പ്രവചിക്കുവാൻ ഇവർക്ക് കഴിയും. പക്ഷേ ഹുസ്റ്റണിൽ കൊടുങ്കാറ്റടിക്കാൻ പോകുന്നു എന്ന് കാലാവസ്ഥാനിരീക്ഷകർ പ്രഖ്യാപിച്ച ശേഷം ഇതാ ഹൂസ്റ്റണിൽ കൊടുങ്കാറ്റടിക്കാൻ പോകുന്നു എന്നു പ്രവചിച്ച ഷാജി സുകുമാരനേപ്പോലുള്ളവർ കള്ളപ്രവാചകന്മാരാണ്.

സുവിശേഷകൻ, ഇടയൻ, അദ്ധ്യാപകൻ എന്നിവരാണ് ദൈവസഭയിലെ മറ്റ് ശുശ്രൂഷകർ. ഈ ശുശ്രൂഷകന്മാരും ഇക്കാലത്തുണ്ട്. വിവിധ സ്ഥലങ്ങളിൽ സഞ്ചരിച്ച് സുവിശേഷം അറിയിച്ച് സഭകൾ സ്ഥാപിക്കുന്നവരാണ് സുവിശേഷകർ. പ്രവൃത്തി 8ൽ കാണുന്ന ഫിലിപ്പോസ് ഇത്തരത്തിലുള്ള സുവിശേഷകനാണ്. പ്രാദേശിക സഭയുടെ അദ്ധ്യക്ഷൻ അഥവാ ബിഷപ്പാണ് ഇടയൻ. പ്രാദേശിക സഭയിൽ 1തിമോ. 3ൽ കാണുന്ന വിധത്തിൽ നിരവധി ശുശ്രൂഷകന്മാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കണം. ഇവരുടെ ഓവർസിയർ ആണ് പാസ്റ്റർ. പ്രാദേശിക സഭകളിൽ വിശ്വാസികളെ ദൈവ വചനം പഠിപ്പിക്കുന്ന ശുശ്രൂഷയാണ് അദ്ധ്യാപകൻ ചെയ്യേണ്ടത്. ഈ അഞ്ചു തരം ശുശ്രൂഷകന്മാരേയും ഓർഡേയിൻ ചെയ്യേണ്ടതാണ്. ഓരോ വ്യക്തിയേയും ദൈവം ഏതു ശുശ്രൂഷക്കു വിളിച്ചിരിക്കുന്നു എന്നു മനസ്സിലാക്കി വേണം ഓർഡിനേഷൻ കൊടുക്കുവാൻ. പ്രാദേശിക സഭയിലെ മൂപ്പന്മാർ ചേർന്ന് കൈവച്ച് പ്രാർത്ഥിച്ച് ഓർഡിനേഷൻ കൊടുക്കേണ്ടതാണ്. പ്രവൃത്തികൾ 13ൽ കാണുന്ന സംഭവം ഇതിനു മാതൃകയായെടുക്കാം.

ഇതൊന്നുമല്ലല്ലോ ഇന്നത്തെ പെന്തക്കോസ്ത് സഭകളിൽ നടക്കുന്നത് എന്നു ചോദിച്ചേക്കാം. ഇന്നത്തെ പെന്തക്കോസ്ത് ഇതര ക്രൈസ്തവ സഭകളുടെ പുതിയ പതിപ്പുകളാണ്. പള്ളിയിൽ അച്ചനുണ്ട്, പെന്തക്കോസ്തിൽ പാസ്റ്ററുണ്ട്. രണ്ടിടത്തും കമ്മിറ്റിയും അടിപിടിയുമുണ്ട്. സമുദായത്തിലെ ബിഷപ്പാണ് പെന്തക്കോസ്തിലെ സെന്റർ പാസ്റ്റർ. സമുദാക്കാരുടെ മെത്രാപ്പോലീത്താമാർക്കു പകരം പെന്തക്കോസ്തിൽ പ്രസിഡന്റും സെക്രട്ടറിയും മറ്റുമുണ്ട്. പള്ളിയിലെ പെരുന്നാളാണ് പെന്തക്കോസ്തിലെ കൺവൻഷൻ. സമുദായക്കാരുടെ പട്ടം കൊടുക്കൽ ഓർഡിനേഷൻ എന്ന പേരിൽ പെന്തക്കോസ്തിലുണ്ട്. അവിടെ ശെമ്മാശൻ പട്ടം കിട്ടി അച്ചനാകുന്നതു പോലെ പെന്തക്കോസ്തിലെ സുവിശേഷകൻ ഓർഡിനേഷൻ വാങ്ങി പാസ്റ്ററാകുന്നു. അതും ഇതും ഒന്നു തന്നെ. സംഘടനകളെ സഭയായി തെറ്റിദ്ധരിച്ചതിന്റെ പരിണിത ഫലമാണ് ഈ തിന്മകളൊക്കെ.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# ഒ. എം. രാജുകുട്ടി മൗനവ്രതത്തിൽ



ഒ.എം.രാജുക്കുട്ടിക്കും ശിങ്കിടികൾക്കും ഇപ്പോൾ മിണ്ടാട്ടമില്ല. ബാലനെ കൊല്ലും, ബാലന്റെ മകനെ പൊരിക്കും എന്നൊക്കെയായിരുന്നു ഭീഷണി. പക്ഷേ ഭീഷണി കേട്ട് ഭയപ്പെടുന്നവനല്ല ബാലൻ എന്ന് ഇപ്പോൾ രാജുക്കുട്ടിക്കു മനസ്സിലായിരിക്കുന്നു.

ഒരു ദൈവദാസന്റെ മകളെ കെട്ടി എന്ന ഒറ്റക്കാരണം മൂലമാണ് രാജുകുട്ടി ഡബ്ലിയു.എം. ഇയുടെ നേതാവായത്. പൊതുജനത്തിന് ഒരെത്തും പിടിയും കിട്ടാത്ത പഴയനിയമ പ്രവചനങ്ങൾ രാജുക്കുട്ടിക്ക് തോന്നിയതുപോലെ വ്യാഖ്യാനിച്ച് സാധുക്കളെ വിഡ്ഢികളാക്കിയാണ് രാജുക്കുട്ടി പ്രസംഗകനായത്. ഈ തന്ത്രം ഇന്നും പ്രയോഗിക്കുന്നു. ദൂമയേക്കുറിച്ചുള്ള പ്രവാചകം എന്നൊക്കെയുള്ള വാക്യങ്ങൾ വായിക്കുമ്പോൾ തന്നെ ശ്രോതാക്കൾ വണ്ടറടിക്കും. പിന്നെ രാജുക്കുട്ടി പറയുന്നതെല്ലാം വേദവാക്യമാണ്. ഇക്കഴിഞ്ഞ അമേരിക്കൻ പര്യടനത്തിലും രാജുക്കുട്ടി ഇതേ തന്ത്രം പ്രയോഗിച്ചു. ചില സ്ഥലങ്ങളിൽ വിജയിക്കുകയും ചെയ്തു. പക്ഷേ രാജുക്കുട്ടിയുടെ തട്ടിപ്പുകളേക്കുറിച്ച് ഡിഫെൻഡറിൽ വാർത്ത വന്നതോടെ രാജുക്കുട്ടി കുഴഞ്ഞു. അറ്റ്ലാന്റയിൽ തീരുമാനിച്ചുറപ്പിച്ചിരുന്ന മീറ്റിങ്ങിനെതിരെ ചിലർ പ്രതികരിക്കപോലും ഉണ്ടായി. ഒരു വിധത്തിൽ മീറ്റിങ്ങ് നടത്തിയെങ്കിലും വളരെ കുറച്ച് ആളുകൾ മാത്രമേ പങ്കെടുത്തുള്ളൂ. മറ്റ് സ്ഥലങ്ങളിൽ മീറ്റിങ്ങുകൾ ക്രമീകരിക്കാൻ രാജുക്കുട്ടി ശ്രമിച്ചെങ്കിലും വിജയിച്ചില്ല. അതുകൊണ്ട് അമേരിക്കൻ പര്യടനം വെട്ടിച്ചുരുക്കി രാജുക്കുട്ടി കേരളത്തിൽ തിരിച്ചെത്തി.

കേരളത്തിലെത്തിയപ്പോഴാണ് പ്രശ്നത്തിന്റെ ഗൗരവം രാജുക്കുട്ടി മനസ്സിലാക്കിയത്. പൊതുജനം സത്യം അറിഞ്ഞു കഴിഞ്ഞിരിക്കുന്നു. മാത്രമല്ല ബാലനെ നിരവധി ആളുകൾ രാജുക്കുട്ടിയുടെ കാര്യം പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ബാലനെ ഭീഷണിപ്പെടുത്തിയാൽ വിപരീത ഫലമേ ഉണ്ടാകൂ എന്ന് പലരും പറഞ്ഞ് രാജുക്കുട്ടി അറിയുകയും ചെയ്തു. ഭീഷണിപ്പെടുത്തിയവരുടെ നമ്പറുകൾ ബാലൻ പോലീസിനു കൊടുത്താൽ രാജുകുട്ടി ഉൾപ്പെടെയുള്ളവർ കുടുങ്ങുമെന്നു തീർച്ച. കാരണം, ഫോൺ വിളിച്ചവരെല്ലാം രാജുക്കുട്ടിയുടെ പ്രസ്ഥാനത്തിലെ അംഗങ്ങളാണ്. രാജുക്കുട്ടിയുടെ അറിവോ സമ്മതമോ കൂടാതെയാണ് ഇവരൊക്കെ ഫോൺ വിളിച്ചതെന്നു പറഞ്ഞാൽ പോലീസ് അത്രപെട്ടെന്നൊന്നും സമ്മതിക്കുകയില്ല. അതുകൊണ്ട് മൗനമായിരിക്കാൻ രാജുക്കുട്ടി തീരുമാനിക്കുകയാണുണ്ടായത്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഡിഫെൻഡർ ഈ വിഷയം അങ്ങനെയങ്ങു വിടാൻ തയ്യാറല്ല. ഡുപ്ലിക്കേറ്റ് ഡബ്ലിയു.എം.ഇ ഉണ്ടാക്കി ജനവഞ്ചന നടത്തിയത് ചെറിയ കാര്യമല്ല. ഈ വ്യാജപ്പേര് ഉപയോഗിച്ച് രാജുക്കുട്ടി എന്തൊക്കെ തട്ടിപ്പുകൾ നടത്തിയിട്ടുണ്ടെന്ന് ഡിഫെൻഡർ അന്വേഷിച്ചുവരികയാണ്. കൂടുതൽ വിവരങ്ങൾ ലഭിക്കുന്നമുറയ്ക്ക് ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നതാണ്.

# ബഥേൽ ഉഗ്രൻ പ്രാർത്ഥനയിൽ



ബഥേൽ പി. ജേക്കബ് ഈയിടെയായി ഉഗ്രൻ പ്രാർത്ഥനയിലാണ്. 'ബാലന്റെ തല തെറിച്ചുപോണേ' എന്നതാണ് പ്രാർത്ഥനാവിഷയം. എന്നെങ്കിലും ബാലന്റെ കഥകഴിയുമ്പോൾ 'കണ്ടോ എന്റെ പ്രാർത്ഥന ഫലിച്ചു' എന്നു പറഞ്ഞ് ഞെളിയുകയും ചെയ്യാം. ബഥേലിന്റെ പുത്തി കൊള്ളാം. പക്ഷേ ദൈവം കൃപചെയ്ത് ബാലൻ കൂടുതൽ കാലം ജീവിക്കാനിടയായാൽ ബഥേൽ കുഴയും. ബഥേലിന്റെ പ്രാർത്ഥനകേട്ട് ബാലനെ തട്ടാൻ ജീവനുള്ള ദൈവത്തിനാവില്ല.

ബാലനെ പേടിച്ച് ഇന്ത്യയിലേക്കു വരാൻ ഭയപ്പെട്ടിരിക്കുകയായിരുന്നു ബഥേൽ. പക്ഷേ രണ്ടും കൽപ്പിച്ച് ഒടുവിൽ ബഥേൽ ഇന്ത്യയിലെത്തി, ഒരു ഓട്ടപ്രദിക്ഷിണം നടത്തിയിട്ട് മടങ്ങുകയും ചെയ്തു. ഭാര്യ കൂടെയുണ്ടായിരുന്നതുകൊണ്ട് പതിവു പരിപാടിയൊന്നും നടന്നില്ല. 'ഇന്ത്യയിൽ ചെന്ന് ഞാൻ ബാലനെ വെല്ലുവിളിച്ചു' എന്ന് ബഥേൽ അമേരിക്കയിലെത്തിയ ശേഷം വീമ്പിളക്കുകയും ചെയ്തു. ഇതൊക്കെ പോരെന്നു തോന്നിയതുകൊണ്ട് ഇപ്പോൾ ബാലന്റെ തലപോകാൻ പ്രാർത്ഥിക്കുകയാണ്.

# ബിനു ചെന്നിത്തല ആസ്ട്രേലിയയിലേക്ക്



ഇവനെ അറിയാമോ എന്ന തലക്കെട്ടിൽ കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ച കുറിപ്പിന് പ്രതീക്ഷിച്ചതിലധികം പ്രതികരണമുണ്ടായി. ഇവനേപ്പറ്റി നിരവധി ആളുകൾ ഡിഫെൻഡറിനു വിവരം തന്നു. അതിന്റെ ചുരുക്കമിതാണ്:

ബിനു ചെന്നിത്തല എന്ന പേരിലാണ് ഇവനറിയപ്പെടുന്നത്. പത്തു വർഷം മുമ്പ് പെന്തക്കോസ്തിലെത്തിയ ബിനു ആ പ്രദേശത്തുള്ള ഒരു ബൈബിൾ കോളേജിൽ അല്പകാലം പഠിക്കയും ചെയ്തു. അതിനിടയിൽ പ്രസംഗത്തിന്റേയും പ്രവചനത്തിന്റേയും ട്രിക്ക് ബിനു വശത്താക്കി. ഒരു ചെറുപ്പക്കാരൻ ഉഗ്രമായി പ്രസംഗിക്കുകയും അതിലും ഉഗ്രമായി പ്രവചിക്കയും ചെയ്യുന്നതു കണ്ടപ്പോൾ മിക്കവരും അത്ഭുതപ്പെട്ടു. ബിനു നടത്തുന്നത് കള്ളപ്രവചനമാണെന്ന വസ്തുത ആരും മനസ്സിലാക്കിയില്ല.

ഇങ്ങനെ പ്രസംഗവും പ്രവചനവുമായി ഊരു ചുറ്റിയ ബിനുവിന്റെ നല്ല കാലം തുടങ്ങുന്നത് ആയിടക്ക് ഒത്തുവന്ന ഒരു ബഹറിൻ യാത്രയോടെയാണ്. പ്രസംഗം, പ്രവചനം എന്നിവയിലൂടെ ബിനു ഏവരേയും കൈയ്യിലെടുത്തു. പിന്നീട് ബിനുവിന് തിരിഞ്ഞ് നോക്കേണ്ടതായി വന്നില്ല. ഇന്ത്യക്ക് അകത്തും പുറത്തും ബിനു കത്തിക്കയറി.

ഈ കള്ളൻ ഡിഫെൻഡറിന്റെ ശ്രദ്ധയിൽ വന്നത് 2006-ൽ നടത്തിയ യു.കെ. യാത്രയോടെയാണ്. ഇവൻ അവിടെ കാട്ടിക്കൂട്ടിയ വികൃതികൾ ചില്ലറയൊന്നുമല്ല. പെൺകുട്ടികളെ ഒറ്റക്കു വിളിച്ച് പ്രവചിക്കുകയാണ് അതിൽ ഒരു ഐറ്റം. ബുദ്ധിപൂർവ്വം പ്രവചിച്ച് പെൺകുട്ടികളുടെ പല രഹസ്യങ്ങളും ബിനു മനസ്സിലാക്കും. അതോടെ പല പെൺകുട്ടികളും ബിനുവിന്റെ വലയിലാകും. അങ്ങനെയുള്ളവരുടെ ഫോൺ നമ്പർ ബിനു വാങ്ങി വയ്ക്കും അതോടെ ആ പെൺകുട്ടിയുടെ കഷ്ടകാലം ആരംഭിക്കുകയായി. രാത്രി പത്തുമണി കഴിഞ്ഞ് ബിനു ഈ പെൺകുട്ടിയെ വിളിക്കും. പിന്നീട് പറയുന്ന കാര്യങ്ങൾ ഇവിടെ എഴുതാൻ കൊള്ളില്ല. പല പെൺകുട്ടികളും ഇതു രഹസ്യമാക്കി വച്ചു. പക്ഷേ ചിലർ മാതാപിതാക്കളെ വിവരം അറിയിച്ചു. ഏതായാലും അംഗഭംഗമൊന്നും കൂടാതെ ബിനു നാട്ടിൽ തിരിച്ചെത്തി. ഏതാനും മാസം മുമ്പ് ബിനു ഒരു കാനഡ യാത്ര നടത്തി. അവിടെയും ഇതുതന്നെയായിരുന്നു പരിപാടി. മൂന്നാഴ്ച മുമ്പാണ് ഇവൻ കാനഡയിൽ നിന്നു തിരിച്ചെത്തിയത്. രണ്ടാഴ്ച മുമ്പ് ഇവൻ ഒരു വിവാഹവും കഴിച്ചു.

വിവാഹം കഴിച്ചതോടെ ബിനു ഇത്തരം പരിപാടികൾ നിർത്തുകയാണെങ്കിൽ നമുക്ക് ഇവനോടു ക്ഷമിച്ചുകൂടെ എന്ന് ചോദിച്ചേക്കാം. നാം ശ്രദ്ധിക്കാതെ പോകുന്ന ഒരു പ്രശ്നം ഇവിടെയുണ്ട്. രാത്രിയിൽ പെൺകുട്ടികളേ വിളിച്ച് പൂരപ്പാട്ടു പാടുന്ന ബിനു പകൽ അത്യുഗ്രമായി പ്രവചിക്കും. അത് ഏതാത്മാവിലാണ്? ഏതായാലും പരിശുദ്ധാത്മാവിലല്ലെന്നു വ്യക്തം. അതുകൊണ്ട് ഇവൻ മാനസാന്തരപ്പെട്ടാൽ മാത്രം പോരാ, ഈ ഭൂതത്തെ ഇറക്കിവിടുകയും വേണം. ബിനു ഒരു ആസ്ട്രേലിയൻ പര്യടനം ഉടൻ നടത്തുമെന്നറിയുന്നു. ആസ്ട്രേലിയയിലുള്ള ദൈവമക്കൾ സൂക്ഷിക്കുക.

# കെ. സിക്ക് വിവരമില്ല

ഐ.പി.സിയുടെ ജനറൽ പ്രസിഡന്റാണെങ്കിലും കെ.സി.ജോണിന് പറയത്തക്ക വിവരമൊന്നുമില്ലെന്ന് ഈയിടെ ചവറിൽ കേട്ട ഒരു പ്രസംഗം തെളിയിച്ചു. ഏതാനും ആഴ്ചകൾക്കു മുമ്പ് കെ.സി.ജോൺ അബുദാബിയിൽ നടത്തിയ ഒരു പ്രസംഗത്തിന്റെ കഷണമാണ് കേട്ടത്.

പതിവുപോലെ ഏലിയാവാണ് വിഷയം. ആഹാബ് ഏലിയാവിനെ തേരിൽ കയറ്റിയില്ല. എങ്കിലും തേരിനു മുമ്പായി ഒടുവാൻ ദൈവം ഏലിയാവിന് ശക്തി കൊടുത്തു. ഇത്രയും ശരി. പിന്നീടാണ് വിവരക്കേട് എഴുന്നെള്ളിച്ചത്. ആഹാബ് തേരിൽ കയറ്റിയില്ല എന്നു പറഞ്ഞ് ഏലിയാവ് ദു:ഖിക്കേണ്ട ആവശ്യമില്ല. കാരണം ഏലിയാവിനെ ദൈവം എടുത്തുകൊണ്ടു പോയത് അഗ്നിത്തേരിലാണ്. ഇയാൾ ഏതു ബൈബിളാണ് വായിക്കുന്നതെന്ന് അറിഞ്ഞുകൂടാ. ലോകമെമ്പാടുമുള്ള ബൈബിളിൽ ഇങ്ങനെയല്ല പറഞ്ഞിരിക്കുന്നത്. അഗ്നി രഥങ്ങൾ വന്നു എന്നതു ശരി തന്നെ. പക്ഷേ ദൈവം ഏലിയാവിനെ എടുത്തത് ചുഴലിക്കാറ്റിലാണ് എന്ന് ബൈബിൾ വ്യക്തമായി തന്നെ പറയുന്നുണ്ട്.






# ചാർളിക്കു തെറ്റിയതെവിടെ?

പെന്തക്കോസ്ത് പാസ്റ്ററായ ചാർളി കോടികളുമായി മുങ്ങിയ വാർത്ത കഴിഞ്ഞ ദിവസങ്ങളിൽ ഏറെ ജനശ്രദ്ധ ആകർഷിച്ചിരുന്നു. പക്ഷേ യഥാർത്ഥത്തിൽ എന്താണു സംഭവിച്ചതെന്ന് മിക്കവർക്കും മനസ്സിലായില്ല. അതുകൊണ്ട് ഈ വിഷയത്തേപ്പറ്റി വിശദീകരിക്കയാണ്.

ദ്രവ്യാഗ്രഹം സകല ദോഷത്തിനും മൂലകാരണമാണ് എന്നു ദൈവ വചനം പറയുന്നു. ചാർളിയെ കുടുക്കിയതും ദ്രവ്യാഗ്രഹം തന്നെ. ജപ്പാൻ കിടക്ക കച്ചവടവും വിസാ തട്ടിപ്പും മറ്റുമായി നടന്ന ചാർളിയെ തങ്കുവിന്റെ വിജയം ആത്മീയ കച്ചവടത്തിലേക്ക് തിരിയാൻ പ്രേരിപ്പിച്ചു. വീണ്ടും ജനനത്തിന്റെ അനുഭവമില്ലാത്ത ചാർളിക്ക് ആത്മീയതയുടെ മറവിൽ എന്തു തട്ടിപ്പും നടത്താൻ ശങ്കയുണ്ടായില്ല. ചുരുങ്ങിയ കാലം തങ്കുവിനോടൊപ്പം നിന്ന് രോഗശാന്തി തട്ടിപ്പിന്റെ തന്ത്രങ്ങൾ വശത്താക്കി. അതിനുശേഷം കോട്ടയം കഞ്ഞിക്കുഴിയിൽ ഡിവൈൻ ഫെസ്റ്റ് എന്ന പേരിൽ സ്വന്തം ബിസിനസ് ആരംഭിച്ചു. ഈ പരിപാടി ഒട്ടൊക്കെ വിജയിക്കുകയും ചെയ്തു. ഇതോടൊപ്പം ചാർളി ചില വിദേശ യാത്രകളും നടത്തി. വിദേശത്തുള്ള നിരവധി സാധുക്കളെ വഞ്ചിക്കാൻ ചാർളിക്ക് ബുദ്ധിമുട്ടുണ്ടായില്ല. പണപരമായി ഉയരാൻ ഈ യാത്രകൾ ഏറെ സഹായകമായി.

ദ്രവ്യാഗ്രഹം എന്നത് ഉപ്പുവെള്ളം കുടിക്കുന്നതുപോലെയാണ്. കുടിക്കും തോറും ദാഹം കൂടിക്കൊണ്ടിരിക്കും. കുറച്ചു പണം കയ്യിൽ വന്നതോടെ കൂടുതൽ നേടാനുള്ള ആർത്തിയായി. കെ. സി. ജോണിന്റെ ചവർ ചാനലിൽ ചാർളിയുടെ പ്രോഗ്രാം സംപ്രേക്ഷണം ചെയ്യാനിടയായത് ഇങ്ങനെയാണ്. ചാർളി നടത്തുന്ന അത്ഭുതങ്ങൾ കണ്ട് സാധുക്കൾ വണ്ടറടിച്ചു. അതോടെ ചാർളിയുടെ പോക്കറ്റിലേക്ക് പണം ഒഴുകാൻ തുടങ്ങി. പെന്തക്കോസ്തിലെ സകല കള്ളന്മാരും ചെയ്യുന്നതുപോലെ ചാർളിയും ഒരു ചുമ്മാ ഡോ വിലകൊടുത്തു വാങ്ങി. അങ്ങനെ ചാർളി ഡോ. ചാർളിയായി.

ഇനിയുള്ള കഥ പറയണമെങ്കിൽ നൈജീരിയൻ തട്ടിപ്പിനെകുറിച്ച് വിശദീകരിക്കണം. ഈ തട്ടിപ്പ് ആരംഭിച്ചത് നൈജീരിയായിലാണെങ്കിലും ഇപ്പോൾ മറ്റ് രാജ്യങ്ങൾ കേന്ദ്രീകരിച്ചും നടക്കുന്നുണ്ട്. നിങ്ങൾക്ക് കോടിക്കണക്കിന് രൂപ തികച്ചും സൗജന്യമായി ഓഫർ ചെയ്തുകൊണ്ട് കത്ത്, ഫാക്സ്, ഇ-മെയിൽ, ഫോൺ തുടങ്ങി ഏതെങ്കിലും വഴിയിലൂടെ മെസ്സേജ് കിട്ടുന്നു. ഇതാ ദൈവം എനിക്കായി വഴി തുറന്നിരിക്കുന്നു എന്ന് നിങ്ങൾ തെറ്റിദ്ധരിക്കുന്നു. പണം തരുന്നവർ ആവശ്യപ്പെടുന്നതുപോലെ നിങ്ങൾ സ്വന്തം പേര്, വിലാസം, ഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ തുടങ്ങിയവയെല്ലാം അയച്ചു കൊടുക്കുന്നു.

ഏതാനും ദിവസങ്ങൾക്കകം നിങ്ങളുടെ പേരിൽ എഴുതിയിട്ടുള്ള ഒരു ചെക്കിന്റെ കോപ്പി നിങ്ങൾക്ക് ലഭിക്കുന്നു. ഇത്ര പെട്ടെന്ന് കാര്യങ്ങളെല്ലാം ശരിയായതിന് നിങ്ങൾ ദൈവത്തിന് നന്ദിപറയുന്നു. പക്ഷേ ഒരു ചെറിയ പ്രശ്നമുണ്ട്. നിങ്ങളുടെ ചെക്ക് ക്യാഷ് ചെയ്ത് പണം നിങ്ങൾക്കു തരുന്ന ജോലി ഒരു സെക്യൂരിറ്റി ഏജൻസിയെ ഏൽപ്പിച്ചിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കകം ഈ എജൻസി നിങ്ങളുമായി ബന്ധപ്പെടുന്നു. ഈ ജോലികൾ ചെയ്യുന്നതിന് നാമമാത്രമായ ഒരു ഫീസ് അവർക്ക് നൽകണം. അഞ്ചുലക്ഷം രൂപയോ പത്തുലക്ഷം രൂപയോ മറ്റോ ആയിരിക്കും ഈ ഫീസ്. കിട്ടാൻ പോകുന്നത് 500 കോടിയാണ്. അതു കിട്ടാൻ അഞ്ചോ പത്തോ ലക്ഷം മുടക്കുന്നതു നഷ്ടമല്ല. വസ്തുവകകൾ വിറ്റോ കടം വാങ്ങിയോ നിങ്ങൾ ഈ പണം സെക്യൂരിറ്റി ഏജൻസി നൽകിയ ബാങ്ക് അക്കൗണ്ട് നമ്പറിൽ നിക്ഷേപിക്കുന്നു.

ഏതാനും ദിവസങ്ങൾക്കകം നിങ്ങൾക്ക് സെക്യൂരിറ്റി ഏജൻസിയിൽ നിന്നുള്ള മറുപടി ലഭിക്കുന്നു. നിങ്ങളുടെ ചെക്ക് ക്യാഷ് ചെയ്യാനായി റിസർവ്വ് ബാങ്കിന്റെ അനുവാദത്തിനായി സമർപ്പിച്ചിരിക്കുകയാണ്. രണ്ടോ മൂന്നോ ദിവസം കഴിഞ്ഞ് വീണ്ടും കത്ത് ലഭിക്കുന്നു. ഇത്ര വലിയ തുക നിങ്ങൾക്ക് തികച്ചും സൗജന്യമായി ലഭിക്കുന്നതിനാൽ റിസർവ്വ് ബാങ്കിലെ ഉദ്യോഗസ്ഥർ വലിയ ഒരു തുക കൈക്കൂലി ചോദിക്കുന്നു. അത് 25 ലക്ഷമോ 50 ലക്ഷമോ ആയിരിക്കും. കൊടുക്കാതെ പറ്റില്ലല്ലോ. കിട്ടാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങി ആ തുകയും നിങ്ങൾ സെക്യൂരിറ്റി ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. മറ്റൊരു പ്രശ്നവുമായിട്ടായിരിക്കും അടുത്ത കത്തു വരിക. ചെക്ക് ക്യാഷ് ആക്കാൻ റിസർവ്വ് ബാങ്ക് അനുവദിച്ചെങ്കിലും ഇൻകം ടാക്സുകാർ പ്രശ്നമുണ്ടാക്കുന്നു. അവർക്കും കൊടുക്കണം കുറേ ലക്ഷങ്ങൾ. ഇങ്ങനെ ഈ കഥ നീണ്ടു പോകുന്നു. ഏതെങ്കിലും ഒരു സ്റ്റേജിൽ നിങ്ങൾ നിസ്സഹായരാകും. എത്ര ശ്രമിച്ചാലും ഇനി പണമുണ്ടാക്കാൻ ആവില്ല എന്ന് നിങ്ങൾ സെക്യൂരിറ്റി ഏജൻസിയെ അറിയിക്കും. അതോടെ കഴിഞ്ഞൂ കഥ. അവർ പിന്നീട് നിങ്ങളുമായി ബന്ധപ്പെടുകയില്ല. അവരുമായി ബന്ധപ്പെടാൻ നിങ്ങൾ ശ്രമിച്ചാൽ അതു നടക്കുകയുമില്ല. നിങ്ങളുടെ പിന്നീടുള്ള സ്ഥിതി എന്തായിരിക്കുമെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ.

ചാർളിക്ക് പറ്റിയതും ഇതൊക്കെ തന്നെ. കോടിക്കണക്കിനു രൂപ വെറുതെ കിട്ടുമെന്നു കേട്ടപ്പോൾ ചാർളി മതി മറന്നു പോയി. ദൈവം തനിക്കായി വഴി തുറന്നിരിക്കുകയാണ് എന്ന് ചാർളി തെറ്റിദ്ധരിച്ചു. പണം കിട്ടാനായി സെക്ക്യൂരിറ്റി ഏജൻസിക്ക് ലക്ഷങ്ങൾ കൊടുത്തു. കിട്ടാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങിയാണ് ഇങ്ങനെ പണം കൊടുത്തത്. കോടികൾ കിട്ടുമ്പോൾ ഈ പണമെല്ലാം മടക്കി കൊടുക്കാമല്ലോ എന്നായിരുന്നു കണക്കുകൂട്ടൽ. പക്ഷേ താൻ ചതിക്കപ്പെടുകയായിരുന്നു എന്ന് വളരെ വൈകിയാണ് ചാർളി മനസ്സിലാക്കിയത്. അപ്പോഴേക്കും എല്ലാം കൈവിട്ടു പോയിരുന്നു. നാട്ടിൽ നിൽക്കാൻ പറ്റാതായപ്പോൾ ചാർളി മദ്രാസിലേക്ക് കടന്നു. അവിടെ ധനികയായ ഒരു വിധവയുമായി പരിചയത്തിലായി. തനിക്ക് 15 കോടി രൂപ തന്നാൽ ദൈവം അവരെ അനുഗ്രഹിക്കുമെന്ന് ചാർളി പ്രവചനം പറഞ്ഞു. പക്ഷേ ഈ പ്രവചനത്തിലെ യുക്തിഹീനത ആ സ്ത്രീക്ക് മനസ്സിലായി. പണം കൊടുക്കാൻ കഴിയുന്ന ദൈവത്തിന് ആ പണം ചാർളിക്കു തന്നെ കൊടുത്താൽ പോരായോ? താൻ ചാർളിക്കു പണം കൊടുത്തിട്ട് ദൈവം തനിക്കു പണം തരേണ്ട ആവശ്യമെന്ത്? ഏതായാലും ആ സ്ത്രീ ചാർളിയുടെ ചതിയിൽ വീണില്ല. മറ്റാരെയെങ്കിലും കറക്കിയടിച്ച് പണമുണ്ടാക്കാനായി എവിടെയൊക്കെയോ ചുറ്റിത്തിരിയുകയാണ് ചാർളി ഇപ്പോൾ.

നൈജീരിയൻ തട്ടിപ്പിനേക്കുറിച്ച് ഡിഫെൻഡർ പലവട്ടം എഴുതിയതാണ്. ചാർളി ഡിഫെൻഡർ വായിച്ചിരുന്നെങ്കിൽ ഈ ചതിയിൽ അകപ്പെടുമായിരുന്നില്ല. ചാർളി കള്ളനാണെന്ന് ഡിഫെൻഡർ പലവട്ടം എഴുതുകയുണ്ടായി. ചാർളിക്കു പണം കൊടുത്ത് വിഡ്ഢികളായവർ ഡിഫെൻഡർ വായിച്ചിരുന്നെങ്കിൽ ധനനഷ്ടം ഒഴിവാക്കാമായിരുന്നു.

ഡിഫെൻഡർ സത്യം പറയുമ്പോൾ ഡിഫെൻഡർ എന്തോ മഹാ പാപം ചെയ്യുന്നു എന്ന ഭാവത്തിലാണ് ഭൂരിപക്ഷം ജനങ്ങളും പ്രതികരിക്കുന്നത്. അതിന്റെ ഫലമാണ് പലരും ഇപ്പോൾ അനുഭവിക്കുന്നത്. ഡിഫെൻഡർ പറയുന്നത് ഇനിയെങ്കിലും ഗൗരവത്തിലെടുത്താൽ നന്നായിരിക്കും.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

# ബാലൻ കഥാവശേഷനായാൽ...

ചില ആഴ്ചകൾക്കു മുമ്പ് ടി.എസ്.ബാലൻ എന്ന ഈയുള്ളവനെ ഒരു പാസ്റ്റർ ഫോണിൽ വിളിച്ചു. അദ്ദേഹം താമസം മാറിയതുകൊണ്ട് പുതിയ വിലാസം തരാനാണ് വിളിച്ചത്. വിലാസം പറഞ്ഞുതന്ന ശേഷം അദ്ദേഹം എന്നോടു ചോദിച്ചു: ''ഇനി ഏറെക്കാലം ആയുസ്സില്ലെന്ന് രണ്ടു കൊല്ലം മുമ്പ് എഴുതിയിരുന്നല്ലോ, എന്നാണ് മരിക്കുക?''

തെറ്റിദ്ധരിക്കരുത്, ഈ ചോദ്യത്തിൽ ദുരുദ്ദേശമൊന്നുമില്ല. ഇദ്ദേഹം തികച്ചും നിഷ്ക്കളങ്കനാണ്. ആയുസ്സേറെയില്ലെന്ന് എഴുതിയിട്ട് രണ്ടു വർഷമാകുന്നു. അതുകൊണ്ട് മരണം തൊട്ടടുത്തെത്തിയിട്ടുണ്ടാകണം. അതുകൊണ്ട് അദ്ദേഹം ചോദിച്ചു എന്നേയുള്ളു. പക്ഷേ ഒരു വ്യക്തിയോട് അവന്റെ മരണദിവസത്തേപ്പറ്റി ദൈവം വളരെ അപൂർവ്വമായി മാത്രമേ സംസാരിക്കൂ. ഈ അപൂർവ്വത്തിൽ ഞാൻ ഉൾപ്പെടുമോ എന്ന് അറിഞ്ഞുകൂടാ.

എന്താ ഇപ്പോൾ ഇങ്ങനെയൊക്കെ പറയാൻ കാരണം എന്ന് സംശയം തോന്നാം. സംഭവം ഇതാണ്: ഈയ്യുള്ളവന് നവംബർ 8-ാം തീയതി 52 വയസ്സ് തികഞ്ഞിരിക്കുന്നു. രണ്ടു വർഷം മുമ്പ് 'അമ്പതു വയസ് ഒരു പ്രായമാണോ' എന്ന തലക്കെട്ടിൽ ഞാൻ ഒരു ലേഖനം എഴുതിയിരുന്നു. എനിക്ക് അമ്പത് വയസ് തികഞ്ഞതു പ്രമാണിച്ചുള്ള ലേഖനമായിരുന്നു അത്. ഇപ്പോഴിതാ ഞാൻ 53-ാം വയസ്സിലേക്ക് കടന്നിരിക്കുന്നു. മഹാന്മാരുടെ ജീവിതത്തിൽ 53-ാം വയസ്സിന് എന്തെങ്കിലും പ്രത്യേകതയുണ്ടോ? അറിഞ്ഞുകൂടാ. അതുകൊണ്ട് ടി.എസ്. ബാലൻ എന്ന മഹാന്റെ ജീവിതത്തിൽ എന്താണു നടക്കാൻ പോകുന്നത് എന്ന് കർത്താവിനു മാത്രമേ കൃത്യമായി പറയാൻ പറ്റു. എങ്കിലും എന്റെ ശരീരത്തിന്റെ സ്ഥിതിവച്ചു പറഞ്ഞാൽ ഏറെയൊന്നും മുമ്പോട്ടു പോകാനാവില്ല എന്നു പറയേണ്ടിവരും. ഇതു കേൾക്കുമ്പോൾ പലരും സന്തോഷിക്കുമെന്നറിയാം. പക്ഷേ സന്തോഷിക്കാൻ വരട്ടേ. കഴിഞ്ഞ 12 വർഷമായി എന്നോടൊപ്പമുള്ള പ്രമേഹപ്രശ്നമല്ലാതെ മറ്റു മാറാരോഗങ്ങളൊന്നും ഈയുള്ളവനില്ല. പ്രമേഹം പഴകുമ്പോൾ അനുബന്ധമായി പലവിധ പ്രശ്നങ്ങളുണ്ടാകും. അത്തരം ചില പ്രശ്നങ്ങൾ എനിക്കുമുണ്ട്. അത്രയുമേ ഈ പറഞ്ഞതിന് അർത്ഥമുള്ളു.

മരണമെന്ന് കേൾക്കുന്നതുതന്നെ മിക്കവർക്കും ഭയമാണ്. പക്ഷേ ഞാൻ വീണ്ടും ജനനം പ്രാപിച്ചവനാണ്. ജീവനുള്ള ഒരാത്മാവ് എന്നിലുണ്ട്. ക്രിസ്തുവാണ് എന്റെ ആത്മാവിനു ജീവൻ നൽകിയത്. സ്വന്തം രക്തം നൽകി എന്നെ വീണ്ടെടുത്ത കർത്താവ് ഒരിക്കലും എന്നെ കൈവിടുകയില്ല. ഞാൻ കർത്താവിന്റെ കൈയ്യിൽ ഇരിക്കുന്നതുകൊണ്ട് എന്നെ തട്ടിപ്പറിക്കാൻ സാത്താന് കഴിയുന്നതുമല്ല. നിത്യജീവൻ തരുവാൻ യേശുവിനല്ലാതെ ആർക്കും കഴിയുന്നതല്ലാ എന്ന് 35 വർഷം മുമ്പ് ഞാൻ മനസ്സിലാക്കി. അതിനുശേഷം നാളിതുവരെ ഞാൻ കർത്താവിനെ വിട്ടുപോയിട്ടുമില്ല. അതുകൊണ്ട് ഇന്നു ഞാൻ മരിച്ചാൽ ഞാൻ ക്രിസ്തുവിനോടുകൂടി ഉണ്ടായിരിക്കുമെന്ന് എനിക്കുറപ്പുണ്ട്. ഞാൻ മരണത്തെ ഭയപ്പെടാത്തത് ഈ കാരണത്താലത്രേ.

മരണഭയം നിറഞ്ഞ്, സമാധാനമില്ലാത്തവനായി, ഒരു ഭ്രാന്തനേപ്പോലെ അലഞ്ഞുനടന്ന ഒരു കാലം എനിക്കുണ്ടായിരുന്നു. പക്ഷേ ജീവന്റെ ഉറവിടമായ ക്രിസ്തുവിനെ ഞാൻ കണ്ടെത്തിയതോടെ മരണഭയം എന്നെ വിട്ടുമാറി. 'ഹേ! മരണമേ, നിന്റെ ജയമെവിടെ' എന്ന് പൗലോസ് പറഞ്ഞതിന്റെ അർത്ഥം ഞാൻ അങ്ങനെ ഗ്രഹിച്ചു. മരണത്തേക്കുറിച്ചു കൂടുതൽ ഗവേഷണങ്ങൾ നടത്താൻ എന്നെ പ്രേരിപ്പിച്ചത് ഈ രക്ഷയുടെ ഭദ്രതയാണ്.

നാലു വർഷം മുമ്പ് ഞാൻ മരണത്തെ മുഖാമുഖം കണ്ട ഒരു സംഭവമുണ്ടായി. പക്ഷേ അന്നു ഞാൻ മരിച്ചിരുന്നെങ്കിൽ എന്റെ കുടുംബം വഴിയാധാരമാകുമായിരുന്നു. കടം അത്രയധികമുണ്ടായിരുന്നു. അതുകൊണ്ട് അഞ്ചു വർഷം നീട്ടിത്തരണമെന്ന് ഞാൻ കർത്താവിനോട് അപേക്ഷിച്ചു. കഴിഞ്ഞ നാലു വർഷമായി ഞാൻ ജീവനോടെ ഇരിക്കുന്നു. സിഡി വിറ്റും, വെബ്സൈറ്റുകൾ ഉണ്ടാക്കിക്കൊടുത്തും കുറെ കടങ്ങൾ വീട്ടി. ഇനിയും ആറു ലക്ഷം രൂപ കടം ബാക്കി നിൽക്കുന്നു. അതിൽ പകുതിയും എന്റെ രണ്ടു സുഹൃത്തുക്കൾക്കായി കൊടുക്കാനുള്ളതാണ്. ഞാൻ മരിച്ചാൽ അവർ അത് എന്റെ കുട്ടികളോടു ചോദിക്കുകയില്ല. ബാക്കിയുള്ള മൂന്നു ലക്ഷം ബാങ്കിലും സർക്കാരിലുമൊക്കെയായി കൊടുക്കേണ്ടതാണ്. അതുകൊണ്ട് അതു കൊടുത്തേമതിയാകൂ. അധ്വാനിച്ച് പണമുണ്ടാക്കാൻ എന്റെ ആൺമക്കൾക്ക് ഇപ്പോൾ പ്രാപ്തിയുണ്ട്. രണ്ടോ മൂന്നോ വർഷം കൊണ്ട് അവർ അതു വീട്ടിക്കൊള്ളും. പറഞ്ഞുവരുന്നതിന്റെ ചുരുക്കം ഇതാണ്: ഞാൻ നാലു വർഷം മുമ്പ് അഞ്ചു വർഷം നീട്ടിച്ചോദിച്ചു. അതിൽ ഒരു വർഷം ഇനി മിച്ചമുണ്ട്. ഇപ്പോൾ ഞാൻ കർത്താവിനോടു പറയുന്നു, ആ ഒരു വർഷം വേണമെന്നു നിർബ്ബന്ധമില്ല. ഈ ദിവസങ്ങളിൽത്തന്നെ ഞാൻ കർത്താവിന്റെ അടുത്തേക്കുവരാൻ തയ്യാറാണ്. എങ്കിലും അവസാന തീരുമാനം കർത്താവിന്റേതാണ്.

അപ്പോൾ ടി.എസ്. ബാലൻ ജീവിക്കുന്നത് കുടുംബത്തിനുവേണ്ടി മാത്രമാണോ എന്നു ചോദിച്ചേക്കാം. തീർച്ചയായുമല്ല. പക്ഷേ കുട്ടികളില്ലാത്ത ഹിസ്ക്കിയാവിനോട് ഗൃഹകാര്യം ക്രമത്തിലാക്കാൻ പറഞ്ഞ കർത്താവിനെയാണ് ഞാൻ സേവിക്കുന്നത്. അതുകൊണ്ട് അഞ്ചു മക്കളുള്ള എനിക്ക് ഗൃഹകാര്യം ക്രമത്തിലാക്കാൻ കടമയും കടപ്പാടുമുണ്ട്. ആ കാര്യമാണ് പറഞ്ഞുവന്നത്. കർത്താവ് എനിക്ക് ആയുസ്സ് നീട്ടിത്തന്നാൽ ചില ആത്മീയ ശുശ്രൂഷകളും ചെയ്യാൻ എനിക്കു പദ്ധതിയുണ്ട്. ഡിഫെൻഡർ പ്രസിദ്ധീകരിക്കുന്നത് തുടരുക എന്നതാണ് അവയിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഡിഫെൻഡർ പ്രസിദ്ധീകരിക്കുന്നത് ആത്മീയ ശുശ്രൂഷയാണോ എന്ന് ചോദിക്കുന്നവരുണ്ടാകാം. ക്ഷമിക്കണം, വീണ്ടും ജനനം പ്രാപിച്ചവർക്കു മാത്രമേ ഞാൻ ഈ പറയുന്നതിന്റെ അർത്ഥം മനസ്സിലാകൂ.

100 പ്രസംഗങ്ങൾ വീതമുള്ള രണ്ടു സെറ്റ് സീഡികൾ പുറത്തിറക്കുവാൻ എനിക്കു കഴിഞ്ഞു. ഇനിയും ഇതുപോലെ രണ്ടു സെറ്റുകൾ കൂടിയെങ്കിലും പുറത്തിറക്കണമെന്നാണ് ആഗ്രഹം. പഴയ നിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ ആണ് അവയിൽ ആദ്യത്തേത്. യേശു ക്രിസ്തുവിന്റെ ജീവിതത്തെ ആധാരമാക്കി 100 പ്രസംഗങ്ങൾ ഇറക്കുകയെന്നതാണ് രണ്ടാമത്തെ പദ്ധതി. മരിച്ചവർ എവിടെ എന്ന പുസ്തകം ഇംഗ്ലീഷ്, ഹിന്ദി, തമിഴ് തുടങ്ങിയ ഭാഷകളിൽ പ്രസിദ്ധീകരിക്കാനും ആഗ്രഹമുണ്ട്. ദൈവഹിതമായാൽ ഇതൊക്കെ ഞാൻ ചെയ്യും. അതല്ല, ചെയ്തതുമതി എന്നാണു കർത്താവിന്റെ തീരുമാനമെങ്കിൽ ഞാൻ അതിനും തയ്യാർ. അന്തിമ തീരുമാനം കർത്താവിന്റേതാണ്.

ബാലൻ മരിച്ചാൽ സത്യം തുറന്നുപറയാൻ ആളില്ലാതാകുമല്ലോ എന്ന് കുണ്ഠിതപ്പെടുന്നവരുണ്ട്. അങ്ങനെയുള്ളവരുടെ അറിവിലേക്കായി പറയട്ടെ: ഏലിയാവ് പോയാൽ ഇരട്ടി ശക്തിയുമായി എലീശാ എത്തും. ജോൺ മിൽട്ടൺ പറഞ്ഞതുപോലെ Thousands at his bidding speed. അതുകൊണ്ട് ബാലൻ അനിവാര്യ ഘടകമല്ല.

ബാലൻ മരിച്ചാൽ മഹാപാപികൾ കൈകൊട്ടി ചിരിക്കില്ലേ എന്ന് ചോദിച്ചേക്കാം. തീർച്ചയായും ചിരിക്കും. പക്ഷേ അൻപതു വർഷം കഴിഞ്ഞ് ബാലൻ മരിച്ചാലും ചിരിക്കാനാളുണ്ടാകും. ഈയുള്ളവൻ ഒരു സാധാരണ മനുഷ്യനാണ്. ഇന്നല്ലെങ്കിൽ നാളെ ഞാൻ മരിച്ചേ മതിയാകൂ. അതുകൊണ്ട് ഈ പ്രശ്നം ഞാൻ ഗൗരവമായി എടുക്കുന്നില്ല.

ബാലനെ ദൈവം തട്ടിക്കളയാൻ ഉപവസിക്കുന്നവർ നിരവധിയാണ്. ഉപവസിച്ച് മടുത്തവരുമുണ്ട്. എന്നിട്ടും ബാലൻ ഇപ്പോഴും ജീവനോടെ ഇരിക്കുന്നു. ഇവരുടെയൊന്നും പ്രാർത്ഥന ദൈവം കേട്ടില്ലെന്ന് വ്യക്തം. പക്ഷേ എന്നെങ്കിലും ബാലൻ മരിക്കും. അതോടെ ഡിഫെൻഡർ ഇല്ലാതാകും. തങ്ങളുടെ പ്രാർത്ഥനയുടെ ഫലമായാണ് ബാലൻ മരിച്ചതെന്നും ഡിഫെൻഡർ നിന്നതെന്നും വീമ്പിളക്കാൻ ആയിരങ്ങളുണ്ടാകും. അതിന് ആമേൻ പറയാൻ പതിനായിരങ്ങളുമുണ്ടാകും. പക്ഷേ ദൈവമക്കൾക്ക് സത്യം ഗ്രഹിക്കാൻ കഴിയും.

ഇതൊക്കെ വായിക്കുമ്പോൾ ബാലന്റെ കഥയിതാ കഴിയാൻ പോകുന്നു എന്നു ധരിച്ച് സന്തോഷിക്കുന്നവരോട് എനിക്കു പറയാനുള്ളതിതാണ്: ദൈവം എന്നെ ഏൽപിച്ച ശുശ്രൂഷ തീരുന്നതുവരെ ഞാൻ ഈ ഭൂമിയിലുണ്ടാകും. സാത്താൻ എത്ര ശ്രമിച്ചാലും എന്നെ തൊടാനാവില്ല. പക്ഷേ എന്റെ ശുശ്രൂഷ തീർന്നാൽ ആ നിമിഷം ദൈവം എന്നെ വിളിക്കും. എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവുമാണ്.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
- **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
- **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് – 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 9447414608**


## *Crossing the Bar*

*--Alfred Lord Tennyson*

Sunset and evening star,
And one clear call for me!
And may there be no moaning of the bar,
When I put out to sea,

But such a tide as moving seems asleep,
Too full for sound and foam,
When that which drew from out the boundless deep
Turns again home.

Twilight and evening bell,
And after that the dark!
And may there be no sadness of farewell,
When I embark;

For tho' from out our bourne of Time and Place
The flood may bear me far,
I hope to see my Pilot face to face
When I have crossed the bar.

RNI No. 68089 / 97
2008 November 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# ഐ.പി.സിയും കെ.സി.ജോണും പിന്നെ ഞാനും

അമേരിക്കൻ പര്യടനം കഴിഞ്ഞെത്തിയ കെ.സി.ജോൺ ഹാലേലൂയ്യാ ദ്വൈവാരികയ്ക്ക് നൽകിയ അഭിമുഖമാണ് കഴിഞ്ഞ ചില ലക്കങ്ങളിലായി ഈ ലേഖന പരമ്പര പ്രസിദ്ധീകരിക്കാൻ വഴിവച്ചത്.. കെ.സി.ജോൺ ദുർമ്മാർഗിയാമെന്നതിന് ഒരു മാസത്തിനകം തെളിവ് ഹാജരാക്കാമെന്നും അതിനു കഴിയുന്നില്ലെങ്കിൽ റ്റി.എസ്സ്. ബാലൻ ഈ ലോകത്തിലെ ഏറ്റവും വലിയ നുണയനാണെന്നു പ്രഖ്യാപിക്കുമെന്നുമായിരുന്നു പ്രഖ്യാപനം. പക്ഷേ കെ.സി.ജോണിന്റെ അവിഹിത ബന്ധങ്ങളുടെ വിശദമായ വിവരണം, പേരുകൾ സഹിതം ഡിഫെൻഡർ പ്രസിദ്ധീകരിച്ചതോടെ കെ.സി.ജോണിന്റെ വായടഞ്ഞു. ഡിഫെൻഡർ ഇത്രയധികം കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെന്ന് കെ.സി.ജോൺ അറിഞ്ഞിരുന്നില്ല. ഡിഫെൻഡറിനു മറുപടി പറയാൻ ശ്രമിച്ചാൽ കൂടുതൽ രഹസ്യങ്ങൾ വെളിച്ചത്തായേക്കാം. അതുകൊണ്ട് കെ.സി.ജോൺ എന്ന വിദ്വാൻ ഇപ്പോൾ മൗനം ഭൂഷണമാക്കിയിരിക്കയാണ്. പക്ഷേ ഡിഫെൻഡർ ഈ വിഷയം അങ്ങനെയങ്ങു വിടാൻ തയ്യാറല്ല.

കെ.സി.ജോൺ ദുർന്നടപ്പുകാരനാണെന്നതിനു തെളിവുഹാജരാക്കാൻ വെല്ലുവിളി നടത്തിയത് കെ.സി.ജോൺ തന്നെയാണ്. താൻ പുണ്യപുരുഷനാണെന്നു ജനത്തെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു ലക്ഷ്യം. പക്ഷേ വെളുക്കാൻ തേച്ചതു പാണ്ടായി എന്നു പറഞ്ഞതുപോലെയുള്ള അനുഭവമാണ് പിന്നീടുണ്ടായത്. നാളിതുവരെ പൊതുജനം അറിയാതിരുന്ന കഥകൾ കൂടി പുറത്തായി.

ഇതൊന്നുമായിരുന്നില്ല കെ. സി. ജോണിന്റെ പ്രതീക്ഷ. ഹാലേലുയ്യായിൽ അഭിമുഖം വരുന്നതോടെ ഭൂലോകമുള്ള സകലരും അതു വെള്ളം തൊടാതെ വിഴുങ്ങുമെന്നും ബാലൻ പറയുന്നത് വിശ്വസിക്കുന്ന പരിപാടി നിർത്തുമെന്നുമായിരുന്നു. അതുകൊണ്ടാണ് അഭിമുഖത്തിന് ഒരു അനുബന്ധം പ്രസിദ്ധീകരിച്ചതും. കെ. സി. ജോണിന്റെ ചോദ്യങ്ങൾക്കൊന്നും ബാലനു മറുപടി പറയാൻ പറ്റില്ല എന്ന ധാരണയിലാണ് ഈ കോപ്രായങ്ങളൊക്കെ കാട്ടിയത്. എന്നാൽ ഡിഫെൻഡറിനെ കെ. സി. ജോൺ ശരിക്കു മനസ്സിലാക്കിയില്ല. അതിന്റെ ഫലമാണ് ഇപ്പോൾ അനുഭവിക്കുന്നത്.

നേതാക്കന്മാരെ വാഴ്ത്തിപ്പാടി ദീപസ്തംഭത്തെ മഹാശ്ചര്യമാക്കുന്ന മറ്റു പെന്തക്കോസ്ത് പത്രങ്ങൾ പോലെയാണ് ഡിഫെൻഡറും എന്നു കെ. സി. ജോൺ ധരിച്ചുപോയി. മഹാരാജാവു നഗ്നനാണെങ്കിൽ അതു പോലും വിളിച്ചു പറയാനുള്ള ധൈര്യം ഡിഫെൻഡറിനുണ്ട്. പിന്നല്ലേ ഒരു ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രസിഡന്റു മാത്രമായ കെ. സി. ജോണിന്റെ വീരകഥകൾ. ഐ. പി. സിക്കാർ ഒരു പക്ഷേ കെ. സി. ജോണിനെ ഭയപ്പെട്ടെന്നു വരാം. പരമ ഭക്തന്മാരായ മറ്റു പെന്തക്കോസ്തുകാരും കെ. സി. ജോണിനേപ്പോലുള്ള കള്ളന്മാരെ ഭയപ്പെട്ടേക്കാം. പക്ഷേ റ്റി. എസ്. ബാലൻ ജീവിക്കുന്നത് ഒരു കള്ളന്റേയും ഔദാര്യം കൊണ്ടല്ല. അതുകൊണ്ട് ഡിഫെൻഡറിന് ഈ കള്ളന്മാരെയൊന്നും പേടിക്കേണ്ടതില്ല.

കെ. സി. ജോൺ ചെറിയതോതിലുള്ള ഒരു കള്ളൻ മാത്രമായിരുന്നുവെങ്കിൽ ഡിഫെൻഡർ ഇയാളെ ഇത്ര നിശിതമായി വിമർശിക്കുമായിരുന്നില്ല. ഒരു പെന്തക്കോസ്തു പാസ്റ്റർ എന്തായിരിക്കരുതോ അതാണ് കെ. സി. ജോൺ. ഇയാൾ ഒരു പ്രാദേശിക സഭയുടെ പാസ്റ്റർ മാത്രമായിരുന്നെങ്കിൽ ഇയാളേക്കൊണ്ടുള്ള അപകടം ആ സഭയിലും പരിസരത്തും മാത്രം ഒതുങ്ങി നിൽക്കുമായിരുന്നു. പക്ഷേ അതല്ലല്ലോ ഇന്നത്തെ സ്ഥിതി. ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്തു പ്രസ്ഥാനമെന്ന് പറയപ്പെടുന്ന ഐ. പി. സി. യുടെ ജനറൽ പ്രസിഡന്റാണ് ഇയാൾ. ദൈവത്തിന്റെ തൊട്ടടുത്ത ആളാണ് ഇയാൾ എന്നു ധരിച്ചു വച്ചിരിക്കുന്നവർ നിരവധിയുണ്ട്. ഇത്ര സ്വാധീനമുള്ള ഒരു വ്യക്തിക്ക് ആയിരങ്ങളെ പാപത്തിൽ വീഴ്ത്തുവാൻ കഴിയും. അതുകൊണ്ടാണ് ഡിഫെൻഡർ കെ. സി. ജോണിനെ വിടാതെ പിടികൂടിയിരിക്കുന്നത്.

ഈ ലക്കത്തിന്റെ ഒന്നാം പേജിൽ കൊടുത്തിരിക്കുന്ന വാർത്ത ശ്രദ്ധിക്കുക. ഒരു മന:സാക്ഷിക്കുത്തുമില്ലാതെ പാപം ചെയ്യാൻ കെ. സിക്കുള്ള കഴിവിന്റെ മകുടോദാഹരണമാണ് അവിടെ നാം കാണുന്നത്. ഇത് ഒറ്റപ്പെട്ട സംഭവമാണെന്നു കരുതരുത്. ഈ വിധത്തിലുള്ള നൂറു കണക്കിനു സംഭവങ്ങൾ ഡിഫെൻഡറിനറിയാം. ഇവയിൽ പലതും സഭ്യമായഭാഷയിൽ എഴുതാൻ ആവാത്തതുകൊണ്ട് ഇതുവരെ എഴുതിയില്ലെന്നുമാത്രം. ഇവകൂടി എഴുതാൻ കെ. സി. ജോൺ ഡിഫെൻഡറിനെ നിർബ്ബന്ധിക്കരുത്.

കെ. സി. ജോൺ ഇത്ര വലിയ പാപിയാണങ്കിൽ ഇയാളുടെ പ്രസംഗം കേട്ട് ചിലരെങ്കിലും രക്ഷിക്കപ്പെടുന്നതെങ്ങനെ? പാപിയിലൂടെ ദൈവാത്മാവ് പ്രവർത്തിക്കുമോ? വളരെ ലളിതമായി ഉത്തരം പറയാവുന്ന ഒരു ചോദ്യമാണിത്. വിതയ്ക്കുന്നത് ആരുതന്നെയായാലും നല്ലനിലത്തു വീണ വിത്ത് കിളിർത്ത് ഫലം പുറപ്പെടുവിക്കും. വിതച്ചത് മദ്യപനോ പരമ ഭക്തനോ നിരീശ്വരവാദിയോ ആരുതന്നെയായാലും വിളവ് ഒന്നുപോലെയായിരിക്കും. ഇതുതന്നെയാണ് കെ. സി. ജോൺ ഉൾപ്പടെയുള്ള സകല കള്ളൻമാരുടേയും കാര്യത്തിൽ സംഭവിക്കുന്നത്. അവർ വിതയ്ക്കുന്നത് ദൈവ വചനമാണ്. ദൈവ വചനത്തിന് ജീവനുണ്ട്. ഒരുക്കപ്പെട്ട ഹൃദയങ്ങളിൽ വീണാൽ അതു കിളിർക്കും. വിതച്ചത് ആരാണെന്നതു പ്രശ്നമല്ല.

തട്ടിപ്പുവീരനായ ടിനു ജോർജ് ഇംഗ്ലണ്ടിൽ നടത്തിയ പ്രസംഗം കേട്ട് ചിലർ രക്ഷിക്കപ്പെട്ടെന്നും സ്നാനപ്പെട്ടെന്നും ജി. എം. ന്യൂസ് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ടിനു ജോർജ് ദൈവദാസനാണ് എന്നതിനുള്ള തെളിവ് എന്ന നിലയ്ക്കാണ് ജി. എം. ന്യൂസ് ഇത് കൊട്ടിഘോഷിച്ചത്. ടിനുവിനെ എതിർത്തവരുടെ വായ് അടഞ്ഞുപോയന്നും ജി. എം. ന്യൂസ് പറയുകയുണ്ടായി. ദൈവ വചനം പഠിച്ചിട്ടില്ലാത്തവർക്ക് ഇത്തരം പ്രതിഭാസങ്ങളെ തിരുവചന വെളിച്ചത്തിൽ വിശദീകരിക്കാൻ ബുദ്ധിമുട്ടുണ്ടാകും. പക്ഷേ ഡിഫെൻഡറിന് അത്തരം പ്രശ്നങ്ങളൊന്നുമില്ല. ഒരാളുടെ പ്രസംഗം കേട്ട് എത്ര പേർ കൈ പൊക്കി എന്നതല്ല അയാളുടെ വിശുദ്ധി നിർണ്ണയിക്കുന്ന മാനദണ്ഡം. പ്രസംഗകൻ തന്റെ പ്രസംഗത്തിനു മുൻപും പിൻപും എന്തു ചെയ്യുന്നു എന്നു നോക്കണം.

ദുർമ്മാർഗ്ഗിയുടെ പ്രസംഗം കേട്ടിട്ടായാലെന്താ, ജനം രക്ഷിക്കപ്പെടുന്നുണ്ടല്ലോ. അതു നല്ല കാര്യമല്ലേ? അതിനുള്ള വ്യക്തമായ ഉത്തരം ബൈബിളിലുണ്ട്. ദൈവം ദുഷ്ടനോട് 'എന്റെ വചനം നിന്റെ നാവിന്മേൽ എടുക്കാൻ എന്തധികാരം' എന്നു ചോദിക്കുന്നു. ദൈവ വചനം നാവിലെടുക്കാൻ അശുദ്ധന് അധികാരമില്ല. വിതയ്ക്കാനായി വച്ചിരിക്കുന്ന വിത്ത് ഉടമസ്ഥന്റെ അനുവാദം കൂടാതെ എടുത്തു വിതയ്ക്കുന്നതിനു തുല്യമാണിത്. ഉടമസ്ഥൻ നിയമിക്കാത്ത വേലക്കാരൻ വിത്തുവിതച്ചാലും അതു കിളിർക്കും. പക്ഷേ അത് കണ്ട് ഉടമസ്ഥൻ സന്തോഷിക്കും എന്നു കരുതരുത്. ഉടമസ്ഥൻ നിയമിച്ച വേലക്കാരൻ ഉടമസ്ഥന്റെ നിർദ്ദേശാനുസരണം വിത്തു വിതയ്ക്കുന്നതാണ് ശരിയായ രീതി. അതുകൊണ്ട് കള്ളൻമാർ വിത്തു വിതച്ചാലും കിളിർത്താൽ പോരേ എന്ന നിലപാട് ശരിയല്ല. യേശു അറിയാത്തവരും യേശുവിനെ അറിയാത്തവരും ലോകമെങ്ങും സഞ്ചരിച്ച് വിത്തു വിതയ്ക്കൽ പൊടിപൂരമായി നടത്തുകയാണ്. കുറെ വിത്ത് കിളിർക്കുന്നുമുണ്ട്. പക്ഷേ ഇത് കണ്ട് യജമാനൻ സന്തോഷിക്കുകയാണ് എന്നു തെറ്റിദ്ധരിക്കരുത്.

കെ. സി. ജോൺ ദൈവദാസനല്ലെങ്കിൽ ദൈവസഭയുടെ നേതൃസ്ഥാനത്ത് ദൈവം കെ. സി. ജോണിനെ ആക്കി വച്ചതെങ്ങനെ എന്നാണ് പലരും ചോദിക്കുന്നത്. ഒരു തെറ്റിദ്ധാരണയുടെ ഫലമാണ് ഈ ചോദ്യം. ഐ. പി. സി. എന്നത് 1935ൽ ഏലൂരിൽ രജിസ്റ്റർ ചെയ്ത ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ്. ഇതു ദൈവസഭയല്ല മനുഷ്യനിർമ്മിതമായ ഒരു സംഘടന മാത്രമാണ്. ഇതിന്റെ തലപ്പത്ത് ദൈവം ആരേയും ആക്കിവയ്ക്കുന്നില്ല. വോട്ടു പിടിച്ചും കുതികാൽ വെട്ടിയും രാഷ്ട്രീയക്കാരെ തോല്പിക്കുന്നത്ര ഹീനമായ തന്ത്രങ്ങൾ പയറ്റിയുമാണ് ഐ. പി. സി. യുടെ നേതൃത്വത്തിൽ എല്ലാവരും എത്തുന്നത്. ദൈവമാണ് ആക്കിവയ്ക്കുന്നതെങ്കിൽ ഇതിന്റെയൊന്നും ആവശ്യം വരികയില്ലല്ലോ.

എല്ലാ അധികാരവും ദൈവത്താൽ ആണെന്നും അതുകൊണ്ട് ദൈവമക്കൾ അധികാരികൾക്ക് കീഴടങ്ങിയിരിക്കണമെന്നും ദൈവ വചനം പറയുന്നുണ്ടല്ലോ എന്നൊരു ന്യായവും ചിലർ ഉന്നയിക്കാറുണ്ട്. നീറോ, ഹിറ്റലർ, ഈദി അമീൻ തുടങ്ങിയവരെ അധികാരത്തിൽ ഇരിക്കാൻ അനുവദിച്ചത് ദൈവമാണ്. അവരുടെ അധീനതയിലുള്ള ജനങ്ങൾ അവരെ അനുസരിക്കേണ്ടതുമായിരുന്നു. ആ അർത്ഥത്തിൽ പറഞ്ഞാൽ കെ. സി. ജോണിനെ ഐ. പി. സി. യുടെ തലപ്പത്ത് ആക്കിവച്ചിരിക്കുന്നതു ദൈവമാണ്. ഐ. പി. സിയിലെ എല്ലാ അംഗങ്ങളും കെ. സി. ജോണിനെ അനുസരിക്കേണ്ടതുമാണ്. ഇതുപോലൊരു കള്ളനെ അനുസരിക്കാൻ തയ്യാറല്ലാത്തവർ കെ. സി. ജോണിനെ പ്രസിഡന്റ് സ്ഥാനത്തു നിന്ന് പുറത്താക്കാൻ പരിശ്രമിക്കണം. അതിനു സാധിക്കുന്നില്ലെങ്കിൽ ഐ. പി. സി. വിട്ട് പുറത്ത് പോകണം.

റ്റി. എസ്. ബാലൻ ഒരു സംഘടനയിലേയും അംഗമല്ല. അതുകൊണ്ട് ഒരു സംഘടനാ നേതാവിനേയും അനുസരിക്കേണ്ടതില്ല. കെ. സി. ജോണിനെപ്പോലുള്ളവർ റ്റി. എസ്. ബാലന്റെ കണ്ണിൽ ചില ചാരിറ്റബിൾ സൊസൈറ്റികളുടെ നേതാക്കന്മാർ മാത്രമാണ്.

ബാലനുമായി ബന്ധമില്ലാത്ത ചാരിറ്റബിൾ സൊസൈറ്റികളുടെ നേതാക്കന്മാരെ ബാലൻ എന്തിനു വിമർശിക്കുന്നു എന്ന ചോദ്യവും പ്രസക്തമാണ്. മേൽപ്പറഞ്ഞ ചാരിറ്റബിൾ സൊസൈറ്റികളിൽ നിരവധി ദൈവമക്കൾ അംഗങ്ങളായുണ്ട്. ഈ ചാരിറ്റബിൾ സൊസൈറ്റികൾ ദൈവ സഭയാണെന്നും ഇതിന്റെ നേതാക്കന്മാർ ദൈവദാസന്മാരാണെന്നും ഈ സാധുക്കൾ തെറ്റിദ്ധരിക്കുന്നു. അങ്ങനെ ഈ കള്ളന്മാർക്ക് ദൈവദാസന്മാരുടെ വേഷത്തിൽ ഉലകം ചുറ്റി പാപം ചെയ്യാനും പണം സമ്പാദിക്കാനും സാധിക്കുന്നു. ഇതു തടയാതെ പറ്റില്ല. പെന്തക്കോസ്ത് നേതാക്കന്മാരായ കള്ളന്മാരെ ഡിഫെൻഡർ തുറന്നു കാട്ടുന്നതിന്റെ ഒരു കാരണം ഇതാണ്.

വെറും സംഘടനകളുടെ നേതാക്കന്മാരായ ഈ കള്ളന്മാർ ദൈവനാമത്തിലാണ് പൊതുജനങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. അതുകൊണ്ട് ഇവരുടെ ഹീന കൃത്യങ്ങൾ ദൈവനാമം ദുഷിക്കാൻ കാരണമാകുന്നു. ഇവർ ദൈവദാസന്മാരല്ല എന്ന വസ്തുത പൊതുജനത്തെ മുൻകൂട്ടി അറിയിച്ചാൽ ദൈവനാമം ദുഷിക്കപ്പെടുന്നത് ഒരു അളവോളമെങ്കിലും തടയാൻ കഴിയും. പെന്തക്കോസ്തിലെ കള്ളന്മാർക്കെതിരെ ഡിഫെൻഡർ എഴുതാൻ ഇതും ഒരു കാരണമാണ്.

താൻ വിശുദ്ധനാണെന്ന് തെളിയിക്കാനായി കെ. സി. ജോൺ ഹാലേലുയ്യായിൽ നൽകിയ അഭിമുഖത്തിന് നിരവധി ആഴ്ചകളായി ഞാൻ മറുപടി പറയുന്നു. പക്ഷേ കെ. സിയുടെ നാവിറങ്ങിയ മട്ടാണ്. സാമാന്യ ബുദ്ധിയുള്ള ഏവർക്കും ഇതിനോടകം സത്യം മനസ്സിലായിരിക്കുമെന്നു തീർച്ച. അതുകൊണ്ട് കെ. സിക്കുള്ള മറുപടി ഈ ലക്കം കൊണ്ട് അവസാനിപ്പിക്കുകയാണ്. എന്നെങ്കിലും കെ. സി. ജോൺ വീണ്ടും പുണ്യാളൻ ചമയാൻ ശ്രമിച്ചാൽ അതിനുള്ള മറുപടി അപ്പോൾ പറയുന്നതാണ്. കെ. സിയുടെ വ്യത്തികേടുകളെ വിമർശിക്കുന്നത് നിർത്തുന്നു എന്ന് ഈ പറഞ്ഞതിനർത്ഥമില്ല.

## എം.പി.3 സി.ഡികൾ ലോക്ക് ചെയ്യൂ കോപ്പിയടി അസാധ്യമാക്കൂ

പാട്ടുകൾ, പ്രസംഗങ്ങൾ തുടങ്ങിയവ റൈറ്റ് ചെയ്തിട്ടുള്ള എം.പി.3 സി.ഡികൾ അനധികൃതമായി കോപ്പി ചെയ്യപ്പെടുന്നതു തടയാനായി വളരെ കുറഞ്ഞ ചെലവിൽ ലോക്ക് ചെയ്യാം.

**കൂടുതൽ വിവരങ്ങൾക്ക്: 9447414608**

## 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

"മരിച്ചവർ എവിടെ" എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.
വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,
Perumbavoor P.O., Ernakulam Dist. Pin. 683542.
Phone: 0484-3232356. Mob: 9447414608.**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan